# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ കെടിഎംപി4/421/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 18/04/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെടിഎംപി4/421/22 തീയ്യതി: 18/04/2022

## കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാധാകൃഷ്ണൻ എം.എൻ, | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 14-02-2022 | 26-02-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-02-2022 | 26-02-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സുലത ഡി., ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത ജി.നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി യു., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജോഷി തോമസ്, ഓഡിറ്റർ

ശ്രീമതി ബീനാകുമാരി റ്റി.വി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുനു ജോർജ്ജ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി കോമളവല്ലി രവീന്ദ്രൻ | പ്രസിഡന്റ് | 15-12-2020 | 31-03-2021 |
| ശ്രീ.വിനോദ് ബാബു പി.വി. | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനികുമാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.അജിത്കുമാർ ഇ.റ്റി. | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി അനുപമ എ.റ്റി. | വി.ഇ.ഒ. | 01-04-2020 | 31-03-2021 |
| ശ്രീ.ഗീരീഷ് കുമാർ കെ.ജി, | വി.ഇ.ഒ. | 01-04-2020 | 15-10-2020 |
| ശ്രീമതി ദിവ്യാദാസൻ | വി.ഇ.ഒ. | 16-10-2020 | 31-03-2021 |
| ശ്രീ.സലിൻ പി.ആർ. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ദിവ്യാമോൾ തോമസ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ഗീത കെ.ശ്രീനിവാസൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി മഞ്ജു റ്റി.വി | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 01-04-2020 | 12-02-2021 |
| ശ്രീമതി ജെൻസി എ.ജെ. | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 13-02-2021 | 31-03-2021 |
| | | 01-04-2020 | 18-02-2021 |

| | | | |
|---|---|---|---|
| ശ്രീ.സുശാന്ത് എസ് | മെഡിക്കൽ ഓഫീസർ (അലോപ്പതി) | | |
| ശ്രീ.സരോജ് എസ്. | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 19-02-2021 | 31-03-2021 |
| ശ്രീമതി അഞ്ജന സി.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 06-03-2021 |
| ശ്രീമതി ശ്രീജ രാധാകൃഷ്ണൻ | സീനീയർ ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 07-03-2021 | 31-03-2021 |
| ശ്രീമതി ഷീജ കെ.എം. | ഹെഡ് മിസ്ട്രസ് | 01-04-2020 | 16-06-2020 |
| ശ്രീ.ഷിനോയ് തോമസ് | ഹെഡ് മിസ്ട്രസ് | 17-06-2020 | 31-03-2021 |
| ശ്രീമതി കൃഷ്ണ എസ്. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 22-06-2020 | 31-03-2021 |
| ശ്രീമതി ഷൈനി എം.എസ്., | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 14.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Beenakumari T V (Auditor, On 25-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 06-04-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Smitha G Nair (Asst. Audit Officer, On 25-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 06-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Smitha G Nair (Asst. Audit Officer, On 25-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 06-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Smitha G Nair (Asst. Audit Officer, On 25-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 06-04-2022) | 1-4 |
| 5 | വാർഷികപദ്ധതി<br>Written By: Sulatha.D (Audit Officer, On 27-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 06-04-2022) | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി<br>Written By: Ambili.U (Senior Grade Auditor, On 25-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 06-04-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 06-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Smitha G Nair (Asst. Audit Officer, On 26-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 06-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Beenakumari T V (Auditor, On 25-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 06-04-2022) | 1-10 |
| 11 | വസ്തുനികുതി കുറവായി നിർണയിച്ചു<br>Written By: Joshy Thomas (Auditor, On 25-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 1-11 |
| 12 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണയിച്ചു<br>Written By: Joshy Thomas (Auditor, On 25-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 06-04-2022) | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Beenakumari T V (Auditor, On 25-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 1-13 |
| 14 | പെർമിറ്റ് ഫീസ് കുറവായി ഈടാക്കി<br>Written By: Joshy Thomas (Auditor, On 25-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 06-04-2022) | 1-14 |
| 15 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മണ്ണ് ലേലം ചെയ്ത് നൽകിയിട്ടില്ല<br>Written By: Beenakumari T V (Auditor, On 25-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 06-04-2022) | 1-15 |
| 16 | 2016 വർഷം മുതൽ വാർഷിക വർദ്ധനവില്ലാതെ കെ.എസ്.ഇ.ബി.യിൽ നിന്നും വാടക ഈടാക്കുന്നു.<br>Written By: Beenakumari T V (Auditor, On 25-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 06-04-2022) | 1-16 |
| 17 | | 1-17 |

| | | |
|---|---|---|
| | കരാർവയ്ക്കാൻ താമസിച്ചതിന് പിഴ ഈടാക്കിയില്ല<br>Written By: Sulatha.D (Audit Officer, On 26-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 06-04-2022) | |
| 18 | പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട സ്ഥലം വിട്ടുനൽകുന്നതിന് തീരുമാനമെടുത്തത് ക്രമപ്രകാരമല്ല<br>Written By: Sulatha.D (Audit Officer, On 26-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 06-04-2022) | 1-18 |
| 19 | സാമൂഹ്യ സുരക്ഷാ പെൻഷൻ-പെൻഷണർ മരണമടഞ്ഞതിനുശേഷവും വിതരണം നടത്തിയിരിക്കുന്നു<br>Written By: Joshy Thomas (Auditor, On 25-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 1-19 |
| 20 | സിസിടിവി ക്യാമറ സ്ഥാപിക്കൽ - 7ലക്ഷം രൂപ ചെലവഴിക്കപ്പെട്ട പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല.<br>Written By: Sulatha.D (Audit Officer, On 26-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-04-2022) | 1-20 |
| 21 | വയോജനവിശ്രമകേന്ദ്രം വൈദ്യുതീകരണം -ചെയ്യാത്ത പ്രവൃത്തി എം ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു.<br>Written By: Sulatha.D (Audit Officer, On 26-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 06-04-2022) | 1-21 |
| 22 | കുഴൽക്കിണർനിർമ്മാണം- മിച്ചതുക നിർവ്വഹണ ഏജൻസിയിൽനിന്നും തിരികെ ലഭ്യമായിട്ടില്ല<br>Written By: Sulatha.D (Audit Officer, On 26-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 1-22 |
| 23 | കളക്ടേഴ്സ് അറ്റ് സ്കൂൾ -3.5 ലക്ഷത്തിലധികം രൂപ ചെലവഴിച്ച പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല.<br>Written By: Sulatha.D (Audit Officer, On 26-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-04-2022) | 1-23 |
| 24 | പ്രോജക്ടിന്റെ ആനുകൂല്യം അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ലഭിച്ചില്ല<br>Written By: Beenakumari T V (Auditor, On 25-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 1-24 |
| 25 | പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം - ചെലവഴിക്കാത്ത തുക തിരികെ അടയ്ക്കേണ്ടതാണ്.<br>Written By: Smitha G Nair (Asst. Audit Officer, On 26-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 1-25 |
| 26 | ബിൽ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Joshy Thomas (Auditor, On 26-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 1-26 |
| 27 | സ്ട്രീറ്റ് ലൈൻവലിക്കൽ - പ്രവൃത്തി നടപ്പാക്കിയതിന്റെ വിവരം ലഭ്യമായിട്ടില്ല - 118073/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sulatha.D (Audit Officer, On 26-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 1-27 |
| 28 | കാർഷിക സംഭരണ സംസ്ക്കരണ വിപണനകേന്ദ്രം - നാളിതുവരെ സർക്കാരിൽനിന്നും നിർമ്മാണാനുമതി ലഭിച്ചിട്ടില്ല.<br>Written By: Sulatha.D (Audit Officer, On 26-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 1-28 |
| 29 | വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല.<br>Written By: Ambili.U (Senior Grade Auditor, On 26-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 1-29 |

| | | |
|---|---|---|
| 30 | കുടിവെള്ളവിതരണം സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല<br>Written By: Ambili.U (Senior Grade Auditor, On 26-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 1-30 |
| 31 | തെറ്റായി പിൻവലിച്ച് സർക്കാരിലേക്ക് അടവാക്കിയ വികസനഫണ്ട് (എസ് സി പി ഫണ്ട്)- തിരികെ ലഭിച്ചില്ല.<br>Written By: Ambili.U (Senior Grade Auditor, On 27-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 1-31 |
| 32 | കോവിഡ് പ്രതിരോധ പ്രവർത്തനം -അവലോകനം<br>Written By: Ambili.U (Senior Grade Auditor, On 27-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 1-32 |
| 33 | ലാപ്പ്ടോപ്പ് നാളിതുവരെ വിതരണം ചെയ്തിട്ടില്ല.<br>Written By: Ambili.U (Senior Grade Auditor, On 27-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 1-33 |
| 34 | കുറുപ്പന്തറ എഫ് എച്ച് സി.യിൽ സോളാർ സിസ്റ്റം സ്ഥാപിക്കൽ - നാളിതുവരെ പ്രവർത്തന സജ്ജമായില്ല.<br>Written By: Ambili.U (Senior Grade Auditor, On 26-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 1-34 |
| 35 | പാലിയേറ്റീവ് നേഴ്സിന് സർക്കാർ ഉത്തരവിന് വിരുദ്ധമായി കോവിഡ് ഇൻസെന്റീവ് നൽകി<br>Written By: Ambili.U (Senior Grade Auditor, On 26-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 1-35 |
| 36 | മരുന്ന് ലഭ്യമായില്ല.<br>Written By: Ambili.U (Senior Grade Auditor, On 26-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വയോജന വിശ്രമകേന്ദ്രം വൈദ്യുതീകരണം - ചെയ്യാത്ത പ്രവൃത്തി എം ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു<br>Written By: Sinimol Francis (Computer Assistant, On 07-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Joshy Thomas (Auditor, On 24-02-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Joshy Thomas (Auditor, On 24-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Joshy Thomas (Auditor, On 25-02-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Joshy Thomas (Auditor, On 24-02-2022) | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Joshy Thomas (Auditor, On 24-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Joshy Thomas (Auditor, On 24-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Joshy Thomas (Auditor, On 24-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-04-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ പുതുക്കിയ ബജറ്റ് 12.02.2021 തീയതിയിലെ തീരുമാനം നം.1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 630823 | 10610753 |
| വരവ് | 298567612 | 110645687 |
| ആകെ | 299198435 | 121256440 |
| ചെലവ് | 299796484 | 111967836 |
| നീക്കിയിരിപ്പ് | (-) 598049 | 9288604 |

ബജറ്റ് പ്രകാരം നീക്കിയിരിപ്പ് നെഗറ്റീവ് ആണ് വന്നിരിയ്ക്കുന്നത്. ബജറ്റ് തയ്യാറാക്കിയിരിയ്ക്കുന്നത് യാഥാർത്ഥ്യബോധത്തോടെയല്ല എന്ന് മനസ്സിലാകുന്നു.

### 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 15.06.21-ലെ 3/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2020-21 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 10610753 രൂപയും തൻവർഷ വരവ് 110645687 രൂപയും തൻവർഷചെലവ് 111967836 രൂപയും വർഷാവസാന നീക്കിയിരിപ്പ് 9288604 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 199414774 രൂപയും ആകെ ചെലവ് 204676969 രൂപയും ആകുന്നു. 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)26-7-11-ലെ ജി.ഒ (എം.എസ്)152/11-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിലാണോ എന്ന് വർക്ക് ഷീറ്റിന്റെ അഭാവത്തിൽ വ്യക്തമല്ല.

2) വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

3)തൊഴിൽ നികുതിയുടെ ഡിമാന്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത വ്യക്തമല്ല.

3)1-18 പ്രകാരം മുൻവർഷ ഇനങ്ങളായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ രേഖകൾ ലഭ്യമല്ല.

4)2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല (ഷെഡ്യൂൾ I-16).

അപാകതകൾ പരിഹരിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10610753 |
| ഓഡിറ്റ് വർഷത്തെ വരവ് | 110645687 |

| | |
|---|---|
| ആകെ | 121256440 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 111967836 |
| നീക്കിയിരിപ്പ് | 9288604 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12033 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2720268 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | പ്രാരംഭ ബാക്കി | വരവ് (സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 15396750 | 15396750 | 15314757 | 81993 |
| വികസന ഫണ്ട് (എസ്.സി.പി) | | 4565000 | 4565000 | 3753834 | 811166 |
| വികസനഫണ്ട്(ടി.എസ്.പി) | | 187000 | 187000 | 150000 | 37000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | | 6000000 | 6000000 | 1126186 | 4873814 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | | 10006597 | 10006597 | 6640612 | 3365985 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | | 33984000 | 33984000 | 33967001 | 16999 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | | 4445000 | 4445000 | 4125486 | 319514 |
| ഐ.സി.ഡി.എസ് | 918886 | 939118 | 1858004 | 1551868 | 306136 |
| ബ്ലോക്ക് പഞ്ചായത്ത് | 329900 | 3540254 | 3870154 | 3440254 | 429900 |
| ജില്ലാ പഞ്ചായത്ത് | 150237 | 2106900 | 2257137 | 2106900 | 150237 |

1.ജി ഒ പ്രോജക്റ്റായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ ബാലൻസ് തുകകൾ രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. സംസ്ഥാന കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ വരവുചെലവ്, നീക്കിയിരിപ്പ് തുകകളും എസിആറുമായി പൊരുത്തപ്പെടുന്നില്ല. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

**1-5 വാർഷികപദ്ധതി**

ഗ്രാമപഞ്ചായത്തിന്റെ 2020-21-ലെ വാർഷികപദ്ധതിക്ക് 13-3-20-ലെ 2(1)- നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 03.02.21 ലെ ഉത്തരവ് നം. 80898/20/DPC/DPO/KTM പ്രകാരം പുതുക്കിയ അംഗീകാരവും ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ മറ്റ് പ്രവർത്തനഘട്ടങ്ങൾ താഴെ ചേർക്കുന്നു.

<u>വാർഷികപദ്ധതിരൂപീകരണഘട്ടങ്ങൾ</u>

| പ്രവർത്തനഘട്ടം | നടത്തിയ തീയതി |
|---|---|
| ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച | 28-11-19 |
| വർക്കിംഗ് ഗ്രൂപ്പുയോഗം | 02-01-20 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 17-1-20 മുതൽ 04-02-20 വരെ |
| ഊരുകൂട്ടം | 13.03.20 |
| വികസനസെമിനാർ | 09-3-20 |
| വാർഷികപദ്ധതി അംഗീകാരം | 13-3-20 |

**വാർഷികപദ്ധതി വരവുചെലവുകണക്കുകൾ**

ആകെ 248 പ്രോജക്ടുകൾക്ക് അംഗീകാരം കിട്ടിയതിൽ പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയ 216 പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. വിവിധ ഫണ്ടിനങ്ങളിലായി ആകെ 143989563 രൂപ വകയിരുത്തിയതിൽ 83833274 രൂപയേ ചെലവഴിക്കാനായിട്ടുള്ളൂ. വകയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതി ചെലവ് 60.3 ശതമാനം മാത്രമാണ്.

<u>നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ</u>

നിർവ്വഹണചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ പദ്ധതിചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 6545000 | 5421914 | 82.84055004 |
| വെറ്ററിനറി സർജൻ | 9 | 9 | 5249080 | 5037440 | 95.96805535 |
| മെഡിക്കൽ | 1 | 1 | 150000 | 150000 | 100 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ, ഹോമിയോ | | | | | |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 700000 | 700000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 2434000 | 559366 | 22.98134758 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10 | 10 | 14335564 | 3591764 | 25.05491936 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 5 | 5 | 30194375 | 7124125 | 23.5942125 |
| ഐസിഡിഎസ് സൂപ്പർവൈസർ | 10 | 8 | 8734357 | 5894497 | 67.48633013 |
| സെക്രട്ടറി ,ഗ്രാമപഞ്ചായത്ത് | 28 | 24 | 10304236 | 7139735 | 69.28931946 |
| അസിസ്റ്റന്റ് എൻജിനീയർ | 154 | 131 | 55452091 | 45532585 | 82.11157448 |
| ഹെഡ്മസ്ററർ ഗവ.യുപി സ്കൂൾ | 2 | 1 | 115000 | 15000 | 13.04347826 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1575000 | 1178700 | 74.83809524 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 1501079 | 501079 | 33.38125442 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 6 | 5 | 3425371 | 2641194 | 77.10680099 |
| അസി.സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 5 | 4 | 3274410 | 1345875 | 41.10282463 |
| ആകെ | 248 | 216 | 143989563 | 83833274 | 60.31 |

വിവിധ വിഭാഗങ്ങളിലായി ബജറ്റ് പ്രകാരം അനുവദിച്ചിരുന്നതിൽ നടപ്പാക്കാത്ത പ്രോജക്ടുകൾക്കുവേണ്ടി വകയിരുത്തിയ തുകയും പ്രോജക്ട് നടപ്പായിട്ടും ട്രഷറിയിൽ പാസ്സാകാതെ ക്യൂ ലിസ്റ്റിലായ ബിൽ തുകകളും ഉൾപ്പെടെ ആകെ 9506471/- രൂപ (62 ശതമാനത്തിലധികം) വാർഷികപദ്ധതിക്കായി വിനിയോഗിക്കാനാവാതെ നഷ്ടമാവുകയാണുണ്ടായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നഷ്ടമായത് |
|---|---|
| വികസനഫണ്ട് -ജനറൽ | 81993 |
| എസ്.സി.പി | 811166 |
| | |

| | |
|---|---|
| റ്റി.എസ്.പി | 37000 |
| ധനകാര്യകമ്മീഷൻ അവാർഡ് (ടൈഡ് ഗ്രാന്റ് ) | 4873814 |
| ധനകാര്യക്കമ്മീഷൻ അവാർഡ് (അൺടൈഡ് ഗ്രാന്റ് ) | 3365985 |
| റോഡ് സംരക്ഷണഗ്രാന്റ് | 16999 |
| സംരക്ഷണഗ്രാന്റ്-റോഡിതരം | 319514 |
| ആകെ | 9506471 |

ഇപ്രകാരമുള്ള ഫണ്ട് നഷ്ടം ഭാവിയിൽ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടത്താതിരുന്നതിനാലാണ് ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ട വലിയ തുക നഷ്ടമാകുന്ന അവസ്ഥയുണ്ടായത്. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് മുഴുവൻ തുകയും ചെലവഴിക്കുന്നതിന് ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമല്ല</u>**

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും ചുമതല നിർവ്വഹിച്ചിട്ടില്ല എന്ന് കാണുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. പ്രോജക്ടുകളുടെ തുടർ മോണിറ്ററിംഗ് നടക്കുന്നില്ലാത്തതിനാൽ പല പ്രോജക്ടുകളും ഉദ്ദേശിച്ച ലക്ഷ്യങ്ങൾ കൈവരിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. സിസിടിവി ക്യാമറ സ്ഥാപിക്കൽ, വിവിധ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, ഡെപ്പോസിറ്റ് വർക്കുകൾ മുതലായവ ഉദാഹരണങ്ങളാണ്. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷം 2487 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 18 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 291 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 285 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 240 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 83539 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 589 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 204 അയൽക്കൂട്ടങ്ങളിൽ 183 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, റീച്ചാർജ്ജ് പിറ്റ്, ചെറുകിട ജലസേചന പ്രവൃത്തികൾ, തോട് ആഴം കൂട്ടൽ എന്നീ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2020-21 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 363546 | 1258727 | 1622273 | 1612295 | 9978 |
| ഇ.എഫ്.എം.എസ്. | 0 | 33349832 | 33349832 | 33349832 | 0 |
| ആകെ | 363546 | 34608559 | 34972105 | 34962127 | 9978 |

## <u>1-7 ക്ഷേമപദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3382900 | 263 |
| തൊഴിൽരഹിത വേതനം | 6240 | 14 |
| വിധവാപെൻഷൻ | 12177500 | 855 |
| വാർദ്ധക്യകാലപെൻഷൻ | 43836900 | 3193 |
| വികലാംഗപെൻഷൻ | 4855100 | 343 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 1123900 | |
| വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം | 150000 | 5 |

**1-8 ക്യാഷ് വേരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-02-2022 3.30 പി എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 95214/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം**

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

**1) പൊതുനിയന്ത്രണം**

ആഭ്യന്തര നിയന്ത്രണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

**2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)**

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1-2 ൽ പരാമർശിച്ചിട്ടുണ്ട്.

**3) ക്യാഷ്, ബാങ്ക് നിയന്ത്രണം**

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തിയിട്ടുണ്ട്.

**4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം**

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

**5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുമുള്ള നിയന്ത്രണം**

പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടി പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ച് വാങ്ങലുകൾ നടത്തി വരുന്നു.

**6) പേ റോൾ നിയന്ത്രണം**

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

**7) ആസ്തി നിയന്ത്രണം ഫലപ്രദമല്ല**

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**8) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം**

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.09.2021 | 6/2021 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.10.2018-13.11.2018. | 2017-18 | LBA(HQ)II/I/8A-138/2018-19/287 Dtd.12.12.2018 |

**1-11 വസ്തുനികുതി കുറവായി നിർണയിച്ചു**

വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. ന് താഴെയുള്ള ഹോട്ടൽ, ഷോപ്പുകൾ, റെസ്റ്റോറന്റുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് 35/ച.മീ എന്ന നിരക്കിലും 100 ച.മീ. ന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 55/ച.മീ. എന്ന നിരക്കുമാണ് പഞ്ചായത്തിൽ ഈടാക്കുന്നത്. വസ്തുനികുതി പരിശോധനയിൽ ശ്രീ.ജോൺസൻ പി പോൾ, എന്ന വ്യക്തിയുടെ പേരിലുള്ള 15/439 ഇ എന്ന 105.57 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 100 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നം. 15/439 ഇ

വിസ്തീർണ്ണം-105.57 ച.മീ.

**നിർണ്ണയിച്ച വസ്തുനികുതി**

നിർണ്ണയിച്ച വസ്തുനികുതി നിരക്ക്- 35/ച.മീ.അടിസ്ഥാന വസ്തുനികുതിയുള്ള ഇളവ്-10% (മേഖല)

ലൈബ്രറി സെസ്-5%

നിർണ്ണയിച്ച വസ്തുനികുതി-105.57X35=3695-369.5(10% ഇളവ് )=3325.45, +166(5% LC)=3493

**നിർണ്ണയിക്കേണ്ട വസ്തുനികുതി**

നിർണ്ണയിക്കേണ്ട വസ്തുനികുതി നിരക്ക്- 55/ച.മീ.

അടിസ്ഥാന വസ്തുനികുതിയുള്ള ഇളവ്-10% (മേഖല)

ലൈബ്രറി സെസ്-5%

നിർണ്ണയിക്കേണ്ട വസ്തുനികുതി-105.57X55=5806-581(10% ഇളവ്)=5225, +261(5% LC)=5486

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.12/23.2.22) സഞ്ചയ മൊഡ്യൂൾ പ്യൂരിഫിക്കേഷനായി തുറന്ന് ലഭിയ്ക്കുമ്പോൾ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നികുതി പുനർനിർണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-12 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണയിച്ചു**

പഞ്ചായത്തിലെ ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ നിന്നും ഏതാനും കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായാണ് സഞ്ചയയിൽ നിലവിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം കെട്ടിട നം/ ലൈസൻസ് നേടിയ വ്യക്തി | ലൈസൻസ് രജിസ്റ്റർ പ്രകാരം സ്ഥാപനത്തിന്റെ തരം | സഞ്ചയയിലെ ഉപയോഗക്രമം, വിസ്തീർണ്ണം(ച.മീ.) |
|---|---|---|---|
| 1 | 4/190,<br>ഷൈനമ്മ ജോഷി | ഫർണിച്ചർ വിൽപ്പന | വീടുകൾ,18.24 |
| 2 | 11/49 എ,<br>ജോഷി സെബാസ്റ്റ്യൻ | ടൈൽസ് & ഗ്രാനൈറ്റ് വിൽപ്പന | സ്റ്റോറേജ് ഷെഡ്, 126.56 |
| 3 | 16/18,<br>കെ.പി.വർക്കി | ജൗളി വ്യാപാരം | വീടുകൾ, 26 |
| 4 | 17/69,<br>ജോസഫ് ആന്റണി | സ്റ്റേഷനറി കട | സ്റ്റോറേജ് ഷെഡ്, 30 |
| 5 | 14/443,<br>ജോൺ പി.ടി. | റൈസ് മിൽ | വീടുകൾ,<br>100 |
| 6 | 7/493,<br>ഷാജിമോൻ സി.ഡി. | ഫോട്ടോ സ്റ്റുഡിയോ | പെട്ടിക്കടകൾ,<br>16 |
| 7 | 8/312,<br>മഞ്ജു ഷാബു | പലചരക്ക് വ്യാപാരം | വീടുകൾ,<br>35.75 |
| 8 | 8/437,<br>ബെൻസി ജോസ് | ഫർണിച്ചർ വ്യാപാരം | വീടുകൾ,<br>66.52 |

വാണിജ്യാവശ്യത്തിനായി ഉപയോഗിച്ച് വരുന്നതും പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിച്ച വരുന്നതുമായ സ്ഥാപനങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തി നികുതി നിർണയിച്ചിട്ടുള്ളതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/21.05.2022) സ്ഥലപരിശോധന നടത്തി ആവശ്യമായ മാറ്റങ്ങൾ സഞ്ചയയിൽ വരുത്തുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. സമാനമായ മറ്റ് കെട്ടിടങ്ങൾ ഇപ്രകാരം തെറ്റായ ഉപയോഗക്രമത്തിലുൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന എതൊരാളുടെ മേലും തൊഴിൽ നികുതി ചുമത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 ൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം. | സ്ഥാപനം | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ഗവ.എൽ.പി.എസ്.മേമുറി | അർദ്ധവർഷം-2 |
| 2 | പോസ്റ്റ് ഓഫീസ്, കുറുപ്പന്തറ | 1, 2 അർദ്ധവർഷങ്ങൾ |
| 3 | പോസ്റ്റ് ഓഫീസ്, ചാമക്കാല | അർദ്ധവർഷം-1 |
| 4 | ഡിവിഷണൽ മാനേജർ, ട്രിവാൻഡ്രം റയിൽവെ ഡിവിഷൻ | 1, 2 അർദ്ധവർഷങ്ങൾ |
| 5 | ബി.എസ്.എൻ.എൽ, കുറുപ്പന്തറ | അർദ്ധവർഷം-2 |
| 6 | യുണൈറ്റഡ് ഇൻഷുറൻസ്, കുറുപ്പന്തറ | 1, അർദ്ധവർഷങ്ങൾ |
| 7 | ട്രേഡേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കുറുപ്പന്തറ | അർദ്ധവർഷം-1 |
| 8 | എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1, 2 അർദ്ധവർഷങ്ങൾ |
| 9 | സെന്റ് സേവ്യേഴ്സ് ഹോസ്പിറ്റൽ, കുറുപ്പന്തറ | 1, 2 അർദ്ധവർഷങ്ങൾ |
| 10 | ഡോ.ജോണീസ് ഡെൻന്തൽ ക്ലിനിക് | 1, അർദ്ധവർഷങ്ങൾ |
| 11 | വിജയ പാർക്ക് ഹോട്ടൽ | 1, 2 അർദ്ധവർഷങ്ങൾ |
| 12 | എമ്സൺ എന്റർപ്രൈസസ്, കോതനെല്ലൂർ | 1, 2 അർദ്ധവർഷങ്ങൾ |
| 13 | ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന റേഷൻകടകളിലെ ജീവനക്കാർ | 1, 2 അർദ്ധവർഷങ്ങൾ |
| 14 | ക്ഷീരോത്പാദക സഹകരണസംഘം, മാഞ്ഞൂർ | 1, 2 അർദ്ധവർഷങ്ങൾ |

മേൽ സ്ഥാപന മേധാവികൾ ജീവനക്കാരുടെ തൊഴിൽ നികുതി 2020-21 വർഷം അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/24.02.22 ന് മറുപടി ലഭ്യമാക്കിയില്ല. 2020-21 വർഷം തൊഴിൽ നികുതി രജിസ്റ്ററിൽ ചില സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രം രേഖപ്പെടുത്തിയിരിയ്ക്കുന്നു. തൊഴിൽ നികുതി രജിസ്റ്റർ പൂർണ്ണമായ രീതിയിൽ രേഖപ്പെടുത്തൽ നടത്തേണ്ടതും മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഈടാക്കാത്ത അർദ്ധവർഷങ്ങളിലെ

തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

## 1-14 പെർമിറ്റ് ഫീസ് കുറവായി ഈടാക്കി

പഞ്ചായത്തിന്റെ പെർമിറ്റ് രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള വ്യക്തികളിൽ നിന്നും കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ-2019, ഷെഡ്യൂൾ II പ്രകാരം ഈടാക്കേണ്ട പെർമിറ്റ് ഫീസായ റെസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 7 രൂപയും വാണിജ്യ കെട്ടിങ്ങൾക്ക് 10 രൂപയും എന്ന നിരക്കിൽ പൂർണ്ണമായി ഈടാക്കിയിട്ടില്ലെന്ന കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | വിസ്തീർണ്ണം (ച.മീ.) | നിർമാണത്തിന്റെ തരം | ഈടാക്കിയ പെർമിറ്റ് ഫീസ്, രസീത് നം, തീയതി | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | സന്തോഷ് വി.വി., വെളുത്തേടത്ത് | 218.82 | റെസിഡൻഷ്യൽ-117.14, കൊമേഴ്സ്യൽ -101.68 | 1532, 120010108011/ 29.3.21 | 1837 | 305 |
| 2 | ജോൺ തെങ്ങും പള്ളിപറമ്പിൽ | 649.42 | റെസിഡൻഷ്യൽ | 4269, 120010107321/ 22.3.21 | 4546 | 277 |
| 3 | തോമസ് എ.കെ. | 234 | കൊമേഴ്സ്യൽ | 1854, 121010100135/ 16.4.21 | 2340 | 486 |
| 4 | ജോസഫ് ചാക്കോ | 103.37 | കൊമേഴ്സ്യൽ | 362, 120010101742/ 18.9.20 | 1034 | 672 |
| 5 | കെ.കെ.പ്രകാശ് | 259.78 | കൊമേഴ്സ്യൽ | 1818, 120010101195/ 16.7.20 | 2598 | 780 |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. കുറവായി ഈടാക്കിയ പെർമിറ്റ് ഫീസ് അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മണ്ണ് ലേലം ചെയ്ത് നൽകിയിട്ടില്ല

മാഞ്ഞൂർ ഗ്രാമഞ്ചായത്തിലെ വാർഡ് 18 ൽ ജില്ലാ പഞ്ചായത്ത് 7 വർഷം മുൻപ് പണി തീർത്തിട്ടുള്ള പാലക്കുഴപ്പിൽ കുളത്തിന്റെ നിർമ്മാണ സമയത്ത് സ്വകാര്യ വ്യക്തിയുടെ പറമ്പിൽ കൂട്ടിയിട്ടിരിക്കുന്ന 200 എം3 മണ്ണ് 27.05.2020 ൽ ശ്രീ.രതികുമാർ വി.ജി, വട്ടത്തട്ടേൽ എന്നയാൾക്ക് 85,000/- രൂപയ്ക്ക് ലേലം ഉറപ്പിച്ചു നൽകി. എന്നാൽ സ്വകാര്യ വ്യക്തിയുടെ പുരയിടത്തിൽ കൂട്ടിയിട്ടിരുന്ന മണ്ണ് എടുക്കുവാൻ ഉടമ സമ്മതിയ്ക്കാതിരുന്നതിനെത്തുടർന്ന് 24.02.2021 ലെ തീരുമാനം നം.4 പ്രകാരം ശ്രീ.രതികുമാർ ലേലത്തുകയായി അടവാക്കിയ 85,000/- രൂപ തിരികെ നൽകുന്നതിന് തീരുമാനിച്ചു.

പഞ്ചായത്ത് ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച നൽകിയ 8/23.02.2021 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചില്ല.

സ്വകാര്യ വ്യക്തിയുടെ പുരയിടത്തിൽ കിടക്കുന്ന മണ്ണ് നഷ്ടപ്പെടുന്നതിനുള്ള സാധ്യത ഉള്ളതിനാൽ കാലതാമസം കൂടാതെ മണ്ണ് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-16 2016 വർഷം മുതൽ വാർഷിക വർദ്ധനവില്ലാതെ കെ.എസ്.ഇ.ബി.യിൽ നിന്നും വാടക ഈടാക്കുന്നു.

മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻറ് കെട്ടിടത്തിന്റെ ഒന്നാം നിലയിൽ വൈക്കം ഇലക്ട്രിക്കൽ ഡിവിഷൻ കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് പ്രവർത്തനത്തിനായി വാടകയ്ക്ക് നൽകിയിരിക്കുന്നു. 3 വർഷം കാലാവധിയ്ക്കാണ് വാടക നിശ്ചയിച്ച് നൽകുന്നത്. 12.08.2016 മുതൽ വാർഷിക വർദ്ധനവില്ലാതെ 11500/- രൂപയാണ് വാടക ഈടാക്കുന്നത്. 11.08.2019 ൽ 3 വർഷം വാടകക്കാലയളവ് പൂർത്തിയായിട്ടും 12.08.2019 മുതൽ പുതുക്കിയ നിരക്കിലുള്ള വാടക ഈടാക്കുന്നതിന് യഥാസമയം കെ.എസ്.ഇ.ബി.യുമായി നിയമാനുസൃത കരാർ ചമച്ചിട്ടില്ല.

വാടക രജിസ്റ്റർ പ്രകാരം 2020-21 വർഷം 2 മാസമാണ് പഴയ നിരക്കിൽ കെ.എസ്.ഇ.ബി. വാടക അടച്ചിട്ടുള്ളത്.

2019-20, 20-21 വർഷങ്ങളിൽ ജി.എസ്.ടി.ഇനത്തിൽ സർക്കാരിലേയ്ക്ക് അടവാക്കേണ്ട തുകകളും അടവാക്കിയിട്ടില്ല .

31.03.2021 വരെ പഞ്ചായത്ത് ഫണ്ടിനും സർക്കാരിനും ലഭിയ്ക്കേണ്ടതായ തുക 1,81,700/- രൂപയാണ് യഥാസമയം കരാർ ചമയ്ക്കാതിരുന്നതുമൂലമാണ് കെ.എസ്.ഇ.ബി. കുടിശ്ശിക വരുത്തിയതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.6/22.02.2022 ന് മറുപടി ലഭ്യമാക്കിയില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ വാടകക്കാരുമായി എഗ്രിമെന്റ് തയ്യാറാക്കിയിട്ടില്ല എന്ന് രജിസ്റ്റർ പരിശോധിച്ചതിൽ മനസിലാകുന്നു. എല്ലാ വാടകക്കാരുമായും പഞ്ചായത്ത് എഗ്രിമെന്റ് വയ്ക്കേണ്ടതും വാടകക്കുടിശ്ശിക വരുത്തിയാൽ നിയമനടപടി സ്വീകരിക്കേണ്ടതുമാണ്.

കെ.എസ്.ഇ.ബി.യുടെ വാടക കുടിശ്ശിക സഹിതം ഈടാക്കേണ്ടതും 12.08.2019 മുതൽ നാളിതുവരെ കരാർ പുതുക്കാതെ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം തേടേണ്ടതുമാണ്.

## 1-17 കരാർവയ്ക്കാൻ താമസിച്ചതിന് പിഴ ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | 269/21കാപ്പുംതല -പൂന്നിലം റോഡ് റീടാറിംഗ് |
| ചെലവ് | 443386 (47/17-9-20) മെയിന്റനൻസ് ഗ്രാന്റ്-റോഡ് |
| കരാറുകാരൻ | ഷാജിജോസഫ് |

മേൽപ്രോജക്ടിന് ടെണ്ടർ നടപടികളുടെ ഭാഗമായി കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചത് 28-8-19-ലാണ്. നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസിത്തിനകം 1% പിഴ ഈടാക്കി കരാർ ഉടമ്പടി വയ്ക്കാവുന്നതാണ്. ഇവിടെ രണ്ട് മാസത്തിനുശേഷം 31-10-19-ൽ മാത്രമാണ് കരാർ ഒപ്പുവച്ചിട്ടുള്ളത്. എന്നാൽ കരാർവയ്ക്കാൻ താമസിച്ചതിന് നിയമാനുസരണം കരാർതുകയുടെ 1% ആയ (4482/- 1% Of 448214) പിഴ ഈടാക്കിയിട്ടില്ല.

അപാകത സംബന്ധിച്ച് രേഖാമൂലം മറുപടി ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 23-2-22) ലഭ്യമാക്കിയ മറുപടിയിൽ തുക കരാറുകാരനിൽനിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചു. പിഴയിനത്തിൽ ഈടാക്കാനുള്ള തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലടവാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

**1-18 പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട സ്ഥലം വിട്ടുനൽകുന്നതിന് തീരുമാനമെടുത്തത് ക്രമപ്രകാരമല്ല**

മാഞ്ഞൂർ വില്ലേജിൽ 530-8/1 സർവ്വേ നമ്പരിൽപ്പെട്ടതും മാക്കിൽ വീട്ടിൽ ശ്രീ.ലൂക്കോസിന്റെ ഉടമസ്ഥതയിലുള്ളതുമായ വസ്തുവിൽനിന്നും 5 സെന്റ് സ്ഥലം മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ 14-ാം വാർഡിൽ 143-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സൗജന്യമായി വിട്ടുനൽകുകയും ആയത് 30-7-16- ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ദാനയാധാരം ചെയ്ത് നൽകുകയും ചെയ്തിരുന്നു. ടി സ്ഥലം പോക്കുവരവ് നടത്തി റവന്യൂരേഖകൾ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുകയും ചെയ്തിട്ടുണ്ട് (കരം അടച്ച രസീത് നമ്പർ 3982762/39-16).

ടി സ്ഥലത്ത് അങ്കണവാടി കെട്ടിടം പണിയുന്നതിന് പൊതുആവശ്യത്തിനുവേണ്ടി നിലം പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള അനുമതി ലഭിക്കുന്നതിന് പ്രാദേശിക നിരീക്ഷണസമിതിയുടെ സ്ഥലപരിശോധനാറിപ്പോർട്ടും ശുപാർശയും സഹിതം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ആയതിന് പ്രാദേശികനിരീക്ഷണസമിതി കൺവീനർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും (9-8-16-ലെ 10(12)നം തീരുമാനം) അതനുസരിച്ച് 28-5-16-ൽ അപേക്ഷ നൽകുകയും ചെയ്തു. എന്നാൽ പ്രാദേശികനിരീക്ഷണസമിതിയുടെ ശുപാർശ ലഭിക്കാഞ്ഞതിനാൽ 29-5-17-ൽ പുനസംഘടിപ്പിക്കപ്പെട്ട സമിതി മുൻപാകെ വീണ്ടും അപേക്ഷ നൽകി കാണുന്നു. പ്രാദേശികനിരീക്ഷണസമിതി കൺവീനറായ കൃഷി ഓഫീസർ ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, കരം അടച്ച രസീത്, കൈവശാവകാശസർട്ടിഫിക്കറ്റ്, ലൊക്കേഷൻസ്കെച്ച്,അയൽവാസികളുടെ 3 പേരുടെ സമ്മതപത്രം, സ്ഥലത്തിന്റെ ഫോട്ടോ മുതലായ അനുബന്ധരേഖകൾ സഹിതം ബഹു.കാർഷികോദ്പ്പാദന കമ്മീഷണർക്ക് സമർപ്പിക്കുകയും ചെയ്തു.

തുടർന്ന് കേരള നെൽവയൽ തണ്ണീർത്തടസംരക്ഷണനിയമം-2008 സംസ്ഥാനതല സമിതി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരിശോധിക്കുകയും, മേൽപരാമർശിച്ച സ്ഥലം അനധികൃതമായി പരിവർത്തനപ്പെടുത്തിയത് പൂർവ്വസ്ഥിതിയിലാക്കാൻ കോട്ടയം ജില്ലാ കളക്ടർ മുൻപ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും ആയതിന്മേൽ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള റിവിഷൻ ഹർജി നിരസിച്ചിട്ടുള്ളതുമാണെന്നും, കൂടാതെ മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പണികഴിപ്പിക്കാനുദ്ദേശിക്കുന്ന അങ്കണവാടി തോടിനോട് ചേർന്നാകയാൽ അപകടസാധ്യത ഉണ്ടാകാവുന്നതാണെന്നും മേൽ സൂചിപ്പിച്ച കാരണങ്ങളാലും പാരിസ്ഥിതികവ്യവസ്ഥയെ ദോഷകരമായി ബാധിക്കുമെന്നതിനാലും പ്രസ്തുത അപേക്ഷ നിരസിച്ചുതീരുമാനിക്കുകയും വിവരം സർക്കാരിലേക്ക് റിപ്പോർട്ടുചെയ്യുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് ശരിവച്ചുകൊണ്ട് പ്രസ്തുത സ്ഥലം അങ്കണവാടി നിർമ്മാണത്തിനായി പരിവർത്തനപ്പെടുത്തുന്നതിനുള്ള ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ നിരസിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. കൃഷി (എൻ.സി.എ ) വകുപ്പിന്റെ 20-6-19-ലെ സർക്കാർ ഉത്തരവ് (സാധാ) നം.560/2019.

തുടർന്ന് 27-11-19-ൽ ശ്രീ.ലൂക്കോസ് ജോസഫ്, മാക്കിൽ വിട്ടുനൽകിയ സ്ഥലം ടിയാന് തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്തിൽ അപേക്ഷ നല്കുകയും പഞ്ചായത്ത് കമ്മിറ്റി ആയത് അംഗീകരിച്ച് സ്ഥലം വിട്ടുനൽകുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. (4-12-19- ലെ അജണ്ട-10 തീരു.1). ഈ വിഷയത്തിൽ അഭിപ്രായം ആരാഞ്ഞുകൊണ്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയതായും എന്നാൽ 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം പഞ്ചായത്തിന്റെ വസ്തു സൗജന്യമായോ മറ്റേതെങ്കിലും വിധേനയോ കയ്യൊഴിയുന്നതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമാണെന്നും ആയതിനാൽ ഈ വിഷയം സംബന്ധിച്ച വ്യക്തമായ

റിപ്പോർട്ട് ബന്ധപ്പെട്ട പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറിന്റെ ശുപാർശ, അഭിപ്രായക്കുറിപ്പ്, മറ്റ് അനുബന്ധരേഖകൾ എന്നിവ സഹിതം പ്രൊപ്പോസൽ തയ്യാറാക്കി ഉചിതമാർഗ്ഗേന സർക്കാരിലേക്ക് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ( ഡിഡിപിയുടെ 31-1-20-ലെ DDP-KTM/143/2020-G4) നം കത്ത് ).

ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.23/25-2-22) മറുപടി ലഭ്യമാക്കിയില്ല. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

അങ്കണവാടികൾക്ക് കെട്ടിടനിർമ്മാണത്തിനുള്ള സ്ഥലം നിശ്ചയിക്കുന്നതിനുമുൻപ് ബന്ധപ്പെട്ട ശിശുവികസനപദ്ധതി ഓഫീസറോ, ഐസിഡിഎസ് സൂപ്പർവൈസറോ സ്ഥലം സന്ദർശിച്ച് അനുയോജ്യതാ സാക്ഷ്യപത്രം നൽകണമെന്നിരിക്കെ ഇവിടെ അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഐസിഡിഎസ് സൂപ്പർവൈസറോട് അഭിപ്രായം തേടിയിട്ടുമില്ല. നടപടിക്രമങ്ങൾ പാലിക്കാതെയും ആവശ്യമായ അനുമതിപത്രങ്ങൾ ലഭിക്കാതെയും വളരെ തിടുക്കതിൽ സ്ഥലം ആധാരം ചെയ്ത് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചതായിട്ടാണ് കാണുന്നത്.

2016-17 വർഷമാണ് 143-ാം നമ്പർ അങ്കണവാടിക്ക് സ്വന്തമായി കെട്ടിടമോ സ്ഥലമോ ഇല്ലാത്ത വിട്ടുകിട്ടിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കാനായി നടപടികളാരംഭിച്ചത്. അതിനായി വളരെ തിടുക്കത്തിൽ സ്ഥലത്തിന്റെ ആധാരം രജിസ്റ്റർ ചെയ്തു. അങ്കണവാടി നിർമ്മാണത്തിന് അനുമതി നിഷേധിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ട് 2 വർഷം കഴിയുന്നു. എന്നാൽ അങ്കണവാടിക്ക് കെട്ടിടനിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തേണ്ടത് സംബന്ധിച്ച് നാളിതുവരെ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തിട്ടുള്ളതായി പോലും കാണുന്നില്ല. അങ്കണവാടി നിലവിലും വാടകക്കെട്ടിടത്തിൽത്തന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

പഞ്ചായത്തിന് രജിസ്റ്റർ ചെയ്ത് നൽകിയതും ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലായിക്കഴിഞ്ഞതുമായ സ്ഥലം തിരികെ വേണമെന്ന് ആവശ്യപ്പെടാനും അതിന്റെ അടിസ്ഥാനത്തിൽ സ്ഥലം വിട്ടുനൽകാനും പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത സാഹചര്യം വ്യക്തമല്ല. പഞ്ചായത്ത് കമ്മിറ്റിയുടെ പ്രസ്തുത തീരുമാനം പുനപരിശോധിക്കേണ്ടതാണെന്നും നിയമാനുസരണം സർക്കാരിൽനിന്നും അനുമതി കിട്ടുന്ന മുറയ്ക്ക് മാത്രമേ സ്ഥലം തിരിച്ചുകൊടുക്കുന്ന സംഗതിയിൽ തീരുമാനമെടുക്കാവൂ.

കൂടാതെ സുരക്ഷിതവും അനുയോജ്യവുമായ സ്ഥലം കണ്ടെത്തി 143-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികളുണ്ടാകേണ്ടതുമാണ്. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും ശ്രദ്ധയും ആത്മാർത്ഥമായ ഇടപെടലും ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്.

## <u>1-19 സാമൂഹ്യ സുരക്ഷാ പെൻഷൻ-പെൻഷണർ മരണമടഞ്ഞതിനുശേഷവും വിതരണം നടത്തിയിരിക്കുന്നു</u>

പഞ്ചായത്തിലെ സാമൂഹ്യക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ്‌വെയറിലും 2019-20, 2020-21 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഇനം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|
| ജോസഫ് പി.എം | ഇന്ദിരാ ഗാന്ധി | 105070201411 | 12.6.20 | 7/20-10/20 | 5400 |

| | | | | | |
|---|---|---|---|---|---|
| | ദേശീയ വാർദ്ധക്യകാല പെൻഷൻ | | | | |
| പത്മനാഭൻ മാധവൻ | കർഷക തൊഴിലാളി പെൻഷൻ | 105070100130 | 9.7.20 | 8/20-12/21 | 25800 |
| രാജമ്മ കെ.കെ. | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 105070600026 | 16.8.20 | 9/20-11/21 | 22900 |
| അന്നമ്മ ചാക്കോ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 105070600434 | 5.8.20 | 9/20-12/21 | 24500 |
| മറിയക്കുട്ടി മാത്യു | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105070201544 | 26.9.20 | 10/20-12/21 | 23400 |
| രാമഭദ്രൻ.കെ.ജി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105070201817 | 5.10.20 | 11/20-12/21 | 21700 |
| മേരിജോൺ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105070200689 | 14.1.20 | 2/20-12/21 | 35400 |
| രാമകൃഷ്ണൻ നായർ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷന് | 105070202255 | 24.6.20 | 7/20-12/21 | 27900 |

ഗുണഭോക്താവ് മരണപ്പെട്ടതിനു ശേഷം വളരെക്കാലമായി ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നത് തുടരുകയാണ്. പരിശോധിച്ച ഏതാനും ഗുണഭോക്താക്കളുടെ കണക്കാണിത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മരണശേഷവും പെൻഷൻ ക്രെഡിറ്റ് ആയിട്ടുള്ള ഗുണഭോക്താക്കളുടെ അക്കൗണ്ടുള്ള ബാങ്ക് മാനേജർമാർക്ക് ടി തുക സംസ്ഥാന സഹകരണ ബാങ്ക് അക്കൗണ്ടിലേക്ക് തിരികെ അയയ്ക്കുന്നതിന് അറിയിപ്പ് നൽകി എന്നാണ് മറുപടി ലഭ്യമാക്കിയത്.

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ എസ് എഫ് സി ബി 1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ ബാങ്കിലേക്കയക്കുന്നതിന്റെ സാഹചര്യം വ്യക്തമല്ല. മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ സ്റ്റാറ്റസ് സേവനയിൽ നിലവിലും ആക്ടീവ് ആയി തുടരുകയുമാണ്. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതും അനർഹമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

**1-20 സിസിടിവി ക്യാമറ സ്ഥാപിക്കൽ - 7ലക്ഷം രൂപ ചെലവഴിക്കപ്പെട്ട പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല.**

മാഞ്ഞൂർ പഞ്ചായത്തിനെ മാലിന്യമുക്തമാക്കുക, സ്ത്രീസുരക്ഷ ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി 2019-20-ൽ ആവിഷ്കരിച്ചതാണ് മേൽപ്രോജക്ട്. പ്രോജക്ടിന്റെ ഭാഗമായി പ്രധാന തെരുവോരങ്ങളിലും കവലകളിലും മാലിന്യം വലിച്ചെറിയപ്പെടാൻ സാധ്യതയുള്ള മറ്റിടങ്ങളിലും ക്ലോസ്ഡ് സർക്യൂട്ട് ക്യാമറകൾ സ്ഥാപിക്കുക, ക്യാമറകളിൽനിന്നുള്ള ദൃശ്യങ്ങൾ റിക്കോർഡ് ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനും വേണ്ടിയുള്ള സംവിധാനങ്ങൾ നിശ്ചിത കേന്ദ്രങ്ങളിൽ സ്ഥാപിക്കുക, ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിന്നും അവയിലേക്ക് കണക്ഷൻ നൽകുക എന്നീ പ്രാഥമിക പ്രവർത്തനങ്ങൾക്കായി 2019-20, 20-21 വർഷങ്ങളിൽ ചുവടെ ചേർക്കുംപ്രകാരം വിവിധ പ്രോജക്ടുകൾ ആവിഷ്കരിച്ച് തുക ചെലവഴിച്ചിട്ടുണ്ട്.

| | പ്രോജക്ട്നം | വകയിരുത്തൽ | | ചെലവ് | ബിൽ/ ചെക്ക് |
|---|---|---|---|---|---|
| 1 | 153/19-20 | 300000<br>100000 | വികസനഫണ്ട് (Gl)<br>തനതുഫണ്ട് | -<br>100000 | 21901585/18-3-20 |
| 2 | 258/20-21 (So) | 300000 | വികസനഫണ്ട് (Gl) | 300000 | 1/20-4-20 |
| 3 | 234/20-21(So) | 300000 | വികസനഫണ്ട് (Gl) | 300000 | 25/27-10-20 |
| | ആകെ | 1000000 | | 700000 | |

ക്രമനം. 1 പ്രോജക്ടിന്റെ നിർവ്വഹണ നടപടികളുടെ ഭാഗമായി ടെൻഡർ ക്ഷണിക്കുകയും 2 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. ആയതിൽ കടവിൽ ഇൻഫോടെക് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാവുന്നതാണെന്ന് പ്രോക്യൂർമെന്റ് കമ്മിറ്റി തീരുമാനമെടുത്തെങ്കിലും 2 ടെണ്ടറുകൾ മാത്രമേയുള്ളൂ എന്ന കാരണത്താൽ റീടെണ്ടർ ചെയ്യാവുന്നതാണെന്ന് കമ്മിറ്റിയിൽ അഭിപ്രായമുണ്ടായതായും ആയതിനാൽ അന്തിമാഭിപ്രായത്തിന് ജനറൽകമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുകയും ചെയ്തതായി മിനിറ്റ്സ് രേഖകളിൽ നിന്നും വ്യക്തമാകുന്നു (25-7-19). തുടർന്ന് റീടെണ്ടർ ചെയ്യുന്നതിനും കുറഞ്ഞതുക രേഖപ്പെടുത്തുന്ന സ്ഥാപനവുമായി നെഗോഷിയേറ്റ് ചെയ്യുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി 30-7-19-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു (2 (2) തീരുമാനം). ഇതനുസരിച്ച് 1-8-19- ൽ നടത്തിയ റീടെണ്ടറിൽ കടവിൽ

ഇൻഫോടെക് കൊച്ചി, ഡിജിറ്റൽ മീഡിയ, കുറുപ്പന്തറ എന്നീ രണ്ട് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചതിൽ ആദ്യടെണ്ടറിൽ ടെണ്ടർ സമർപ്പിക്കാതിരുന്ന ഡിജിറ്റൽ മീഡിയ, കുറുപ്പന്തറ എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ അംഗീകരിക്കുകയും 23-12-20-ൽ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തു.

പ്രവൃത്തി നടപ്പാക്കി സ്ഥാപനം ചുവടെ ചേർക്കുംപ്രകാരം ബിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമനം | ബിൽനമ്പർ | തുക |
|---|---|---|
| 1 | 115/11-2-2020 | 160962 |
| 2 | 116/11-2-2020 | 130770 |
| 3 | 118/13-2-2020 | 21728 |
| 4 | 119/13-2-2020 | 186882 |
| 5 | 120/13-2-2020 | 11111 |
| | ആകെ | 511453 |
| 1 | 16/1-7-20 | 108076 |
| 2 | 17/1-7-20 | 185914 |
| 3 | 18/1-7-20 | 34400 |
| | | 839843/- |

ആകെ 27 ക്യാമറകളാണ് നിശ്ചിത സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളത്.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1)ഒരേ ലക്ഷ്യത്തിനായി രണ്ട് വർഷങ്ങളിലായി 6 പ്രോജക്ടുകളാണ് ആവിഷ്കരിച്ചത്. ഒരേവർഷം തന്നെ ഒന്നിലധികം പ്രോജക്ടുകൾ ഒരേ കാര്യത്തിനായി ആവിഷ്കരിച്ചതിന്റെ കാരണം വ്യക്തമല്ല.

2) രണ്ട് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിരുന്ന സാഹചര്യത്തിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയിരുന്ന സ്ഥാപനവുമായി നെഗോഷിയേഷൻ നടത്തി നിരക്ക് കുറവ് ചെയ്ത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല. കൂടുതൽ പ്രചാരണം ലഭിക്കുന്നതിനു കൂടിയാണ് റീടെണ്ടർ നടത്തുന്നതെന്ന് മിനിറ്റ്സിൽ രേഖപ്പെടുത്തിയിരുന്നെങ്കിലും ആദ്യ ടെണ്ടർ തീയതിക്കുശേഷം കൂടുതൽ പ്രചാരണം കിട്ടുന്നതിനുവേണ്ടിയുള്ള നടപടികളെന്തെങ്കിലും പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളതായും കാണുന്നില്ല.

3)റീടെണ്ടറിൽ സിസി ക്യാമറ ഇൻസ്റ്റലേഷനാവശ്യമായ എല്ലാ ഇനങ്ങൾക്കും കൂടിയുള്ള ആകെത്തുക കണക്കാക്കുമ്പോൾ കുറവു തുക രേഖപ്പെടുത്തിയത് കടവിൽ ഇൻഫോടെക് എന്ന സ്ഥാപനമായിരുന്നിട്ടും ഡിജിറ്റൽ മീഡിയ എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ച് നെഗോഷിയേഷൻ നടത്തി.

4)സ്ഥാപനം ടെൻഡറിൽ രേഖപ്പെടുത്തിയതിനേക്കാൾ ഉയർന്ന നിരക്കാണ് നെഗോഷിയേഷനുശേഷം രേഖപ്പെടുത്തിയിട്ടുള്ളത് .ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | ഇനം | റീടെണ്ടറിൽ ക്വോട്ട് ചെയ്ത നിരക്ക് | നെഗോസിയേഷൻ നിരക്ക് |
|---|---|---|---|
| 2. | 2MP IP Day/Night Bullet IR Camera 50m IR | 4750 | 4800 |

| | | | |
|---|---|---|---|
| | Distance Digital WDR | | |
| 3. | NVR 16 CH Real Time 2 SATA | 11950 | 13500 |

ടെണ്ടറിൽ ഉൾപ്പെട്ടിട്ടുള്ള 18 ഇനങ്ങൾക്കും കൂടി രേഖപ്പെടുത്തിയിരുന്ന ആകെത്തുക 69,690/- രൂപയും നെഗോഷിയേഷനുശേഷം ആയത് 70,940/- രൂപയുമാണ്.

5) സ്ഥാപനവുമായി നെഗോസിയേഷൻ നടത്തിയപ്പോൾ സമ്മതിച്ച നിരക്കിനേക്കാൾ കൂടിയ നിരക്കാണ് ചുവടെ ചേർക്കുന്ന ഇനങ്ങൾക്ക് സ്ഥാപനം ഈടാക്കിയിട്ടുള്ളത്.

എ) ജി ഐ പോൾ ഒരെണ്ണത്തിന് 2750/- രൂപയാണ് നെഗോഷിയേഷന് ശേഷം സ്ഥാപനം രേഖപ്പെടുത്തിയിരുന്നത്. എന്നാൽ ബില്ലിൽ ആയത് 2900/- രൂപ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. ആയതിനാൽ 5 പോളുകൾ സ്ഥാപിച്ച ഇനത്തിൽ ആകെ 750/- അധികമായി കൈപ്പറ്റിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

6) 6 ക്യാമറകളുടെ മോണിറ്റർ പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പരിശോധനയിൽ പഞ്ചായത്ത് ഓഫീസിനകത്തും പുറത്തും സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ പകർത്തുന്ന ദൃശ്യങ്ങൾ മാത്രമേ മോണിറ്ററിൽ കാണാൻ കഴിയുന്നുള്ളൂ. മറ്റ് നാല് സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ മോണിറ്ററുമായി കേബിൾ മുഖേന കണക്ട് ചെയ്തിട്ടില്ലായെന്നാണ് പരിശോധനയിൽ കാണുന്നത്.

7) സ്ഥാപിച്ചിട്ടുള്ള 7 ക്യാമറകളുടെ റക്കോർഡിംഗ് സിസ്റ്റം കൃഷി ഓഫീസിലാണ് സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ നേരിട്ട് നടത്തിയ പരിശോധനയിൽ ഒരു ക്യാമറയിൽനിന്നുപോലുമുള്ള ദൃശ്യങ്ങൾ റിക്കോർഡ് ചെയ്യപ്പെടുന്നില്ല എന്ന് ബോധ്യപ്പെട്ടു.

മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി (നം.10/23.02.2022) നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയില്ല.

പൊതുഇടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുകവഴി പഞ്ചായത്തിനെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പ്രോജക്ടിന്റെ പ്രവർത്തനം ക്യാമറകൾ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ മാത്രമായി ഒതുങ്ങിയതായിട്ടാണ് കാണുന്നത്. പ്രോജക്ടിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിക്കത്തക്കതരത്തിൽ പ്രോജക്ട് നിർവ്വഹണം പൂർത്തീകരിച്ചിട്ടില്ലാത്തതും തുടർ നിരീക്ഷണമോ തുടർപ്രവർത്തനങ്ങളോ നടത്താതിരിക്കുന്നതും പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കാണുന്നു. ക്യാമറ സ്ഥാപിച്ചിട്ടുള്ള ഒരുസ്ഥലത്തുപോലും റെക്കോർഡ് ചെയ്യപ്പെടുന്ന ദൃശ്യങ്ങൾ ആരെങ്കിലും ചെക്ക് ചെയ്യുകയോ മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ട് അവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുള്ളതായോ റിപ്പോർട്ട് ചെയ്തിട്ടില്ല. നിർവ്വഹണ നടപടികൾ പൂർത്തീകരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ തൻവർഷത്തെ 7,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഓരോ ക്യാമറകളും റെക്കോഡിംഗ് സംവിധാനവുമായി ബന്ധിപ്പിക്കുകയും ദൃശ്യങ്ങൾ സമയാസമയങ്ങളിൽ നിരീക്ഷിച്ച് യുക്തമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്ത് പ്രോജക്ട് ലക്ഷ്യം കൈവരിക്കേണ്ടതാണ്.

ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും അടിയന്തിരശ്രദ്ധയും ഇടപെടലും ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-21 വയോജനവിശ്രമകേന്ദ്രം വൈദ്യുതീകരണം -ചെയ്യാത്ത പ്രവൃത്തി എം ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നം. | 27/21 |
| അടങ്കൽ | 200000/-(സിഎഫ് സി അവാർഡ്) |
| ചെലവ് | 107869 |
| | |

| | |
|---|---|
| ബിൽ നമ്പർ | 30/12-11-20 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്ത് 14-ാം വാർഡിൽ മാൻവെട്ടത്തുള്ള വൃദ്ധജനവിശ്രമകേന്ദ്രത്തിൽ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ നടത്താനായി ആവിഷ്കരിച്ച മേൽപ്രോജക്ടിന്റെ ഭാഗമായി എൽഎസ്ജിഡി ഇലക്ട്രിക്കൽ വിഭാഗം ജില്ലാതല സാങ്കേതികസമിതി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെൻഡർ നടപടികൾ സ്വീകരിക്കുകയും കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത (എസ്റ്റിമേറ്റ് നിരക്ക്) ശ്രീ. സജീവ് എസ് ശിവസദനം എന്നയാളുടെ ടെൻഡർ അംഗീകരിച്ച് 2 5-9-20-ൽ ടിയാനുമായി കരാർ വയ്ക്കുകയും ചെയ്തു. പ്രവൃത്തിസ്ഥലം നേരിട്ടുസന്ദർശിച്ചതിൽ എസ്റ്റിമേറ്റിലെ ചുവടെ ചേർക്കുന്ന പ്രവൃത്തി ഇനങ്ങൾ യഥാർത്ഥത്തിൽ ചെയ്ത അളവ്/എണ്ണത്തെക്കാൾ അധികമായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതായും ആയതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചതായും കാണുന്നു.

| പ്രവൃത്തിഇനത്തിന്റെ ക്രമനമ്പർ | എസ്റ്റിമേറ്റ്പ്രകാരം അളവ്/ എണ്ണം | ചെയ്ത അളവ്/ നിരക്ക് | എംബുക്കിൽ രേഖപ്പെടുത്തിയ അളവ് | അധികം കൈപ്പറ്റിയതുക |
|---|---|---|---|---|
| എക്സ്ട്രാ ഇനം | Supply & Installation Of Exhaust Fan | 2എണ്ണം @ 2300 = 4600 | 5എണ്ണം@2300 = 11500 | 6900/- |
| ഇനം 10 | Supply & Installation Of 1200mm Sweap Ceiling Fan(Crompton Made) | 3 @ 2320 =6960 | 4 @ 2320 =9280 | 2320 |
| ഇനം -4 | Supply And Wiring Work For Ceiling Fan Point With Socketsize Stepped Electronic Regulator | 3 @ 1498 = 4494 | 4 @ 1498 = 5992 | 1498 |
| ഇനം-11 | Charges For Cuttingholes Suitable For Fixing Exhaust Fans | 2 @ 397 =794 | 5@ 397 =1985 | 1191 |
| ഇനം -9 | Supply & Installation Of Ms Rodtype Fan Clamp....As Required | 3 @ 124 =372 | 4@ 124 =496 | 124 |
| ആകെ | | 17220 | 29253 | 12033 |

ചെയ്തിട്ടില്ലാത്ത പ്രവൃത്തിക്ക് അനുവദിച്ച നൽകിയ 12033/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. മാർഗ്ഗരേഖ പ്രകാരം വൃദ്ധജനങ്ങൾക്കുവേണ്ടി അനിവാര്യമായി വകയിരുത്തേണ്ട നിശ്ചിതശതമാനം തുക വകയിരുത്തി വാർഷികപദ്ധതിയിൽ നിർമ്മിക്കപ്പെട്ട കെട്ടിടം

വൃദ്ധജനങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താതെ കെട്ടിടത്തിനകം പൊടിയും മാറാലയും പിടിച്ചും പരിസരം വൃത്തിഹീനമായും കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.22/25.2.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. കരാറുകാരൻ അധികമായി കൈപ്പറ്റിയിട്ടുള്ള തുക ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

**<u>1-22 കുഴൽക്കിണർനിർമ്മാണം- മിച്ചതുക നിർവ്വഹണ ഏജൻസിയിൽനിന്നും തിരികെ ലഭ്യമായിട്ടില്ല</u>**

കോതനല്ലൂർ ഗവ.ആയുർവേദാശുപത്രിയിൽ കുഴൽക്കിണർ നിർമ്മാണത്തിനായി ഗ്രൗണ്ട് വാട്ടർ വകുപ്പിന്റെ എസ്റ്റിമേറ്റനുസരിച്ചുള്ള 140000/-രൂപ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറി നൽകിയിരുന്നു. ഗ്രൗണ്ട് വാട്ടർ വകുപ്പിൽനിന്നും ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രപ്രകാരം (ജില്ലാ ഓഫീസറുടെ 5-3-21 ലെ GWK/508/2019 നം.കത്ത്) 107983/- രൂപ മാത്രമേ പ്രവൃത്തിക്ക് ആകെ ചെലവായിട്ടുള്ളൂ. ബാക്കി തുക 32,017/- രൂപ തിരികെ ലഭ്യമായിട്ടുള്ളപക്ഷം ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നറിയിച്ച് ഓഡിറ്റ് എൻക്വയറി (നം.1/19.02.2022) നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയില്ല.

മേൽ സാഹചര്യത്തിൽ ഭൂജലവകുപ്പുമായി ബന്ധപ്പെട്ട് വിനിയോഗത്തിനുശേഷം വകുപ്പിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരികെ ലഭിക്കുന്നതിനോ മറ്റ് രീതിയിൽ ക്രമീകരിച്ച് ലഭിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**<u>1-23 കളക്ഷൻ അറ്റ് സ്കൂൾ -3.5 ലക്ഷത്തിലധികം രൂപ ചെലവഴിച്ച പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല.</u>**

| | |
|---|---|
| പ്രോജക്ട് നം | 284/21 |
| അടങ്കൽ | 360000 ( 242000 ശുചിത്വമിഷൻഫണ്ട്+<br>118000 /- നിർമ്മൽ പുരസ്കാരം) |
| ചെലവ് | 3,54,413/- (236413 ശുചിത്വമിഷൻ + 118000 നിർമ്മൽ പുരസ്കാരം)<br>ചെക്ക് നം. 2484307/03.09.2020 ബിൽ നം.82/01.07.20 |
| കരാറുകാരൻ | റ്റി.കെ.സിറിയക് |

നിർമ്മൽ പുരസ്കാര ഫണ്ടും ശുചിത്വമിഷൻഫണ്ടും വകയിരുത്തി അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20-ൽ ആവിഷ്കരിച്ചതും 20-21-ൽ സ്പിൽ ഓവറായി തുടർന്നതുമായ മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിലേക്ക് പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനായി കളക്ഷൻ ബിന്നുകൾ നിർമ്മിക്കുന്നതിനായി ആകെ 3,54,413/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യം ഫലപ്രദമായി വേർതിരിച്ച് സൂക്ഷിക്കാനായിട്ടാണ് വേസ്റ്റ് ബിൻ കളക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കാനുദ്ദേശിച്ചത്. എൽ.പി., യുപി വിഭാഗത്തിലുള്ള 10 സ്കൂളുകൾക്ക് ചെറിയ .45m*.45m*.8m വലിപ്പത്തിലുള്ള 4 വീതവും ഹൈസ്കൂളുകൾ/ ഹയർസെക്കന്ററി സ്കൂളുകൾക്ക് 0.6m*0.6m*1.2mവലിപ്പത്തിലുള്ള വലിയ ബിന്നുകൾ 4 എണ്ണം വീതം 5 സ്കൂളുകൾക്ക് ആകെ 20 എണ്ണവും ആണ് പ്രോജക്ട് പ്രകാരം നിർമ്മിച്ച് നൽകിയിട്ടുള്ളത്. സ്കൂളുകളിൽ നടത്തിയ സ്ഥലപരിശോധനയിൽ പല സ്കൂളുകളിലും പ്രോജക്ട് പ്രകാരം നിർമ്മിക്കപ്പെട്ട ബിന്നുകൾ നിശ്ചിത ഉദ്ദേശത്തിനായി ഉപയോഗിക്കുന്നില്ലാത്തതായി കണ്ടു. വിവരം ശ്രദ്ധയിൽപ്പെടുത്തി രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല

പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് സൂക്ഷിക്കുന്നതിനായി നിർമ്മിക്കപ്പെട്ടതും സ്കൂളുകളിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിട്ടുള്ളതുമായ പ്ലാസ്റ്റിക് കളക്ഷൻ ബിന്നുകൾ പ്രസ്തുത ഉദ്ദേശ്യത്തിനായി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികളുണ്ടാകേണ്ടതും പ്ലാസ്റ്റിക് മാലിന്യസംസ്കരണം/ നിർമ്മാർജ്ജനം എന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കായി തുടർപ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുമാണ്.

**1-24 പ്രോജക്ടിന്റെ ആനുകൂല്യം അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ലഭിച്ചില്ല**

**പ്രോജക്ട്- ക്ഷീരകർഷകർക്ക് ധാതുലവണമിശ്രിതം വിതരണം**

പ്രോജക്ട് നം. 87/21

നിർവ്വഹണ ഉദ്യോഗസ്ഥ- ഡയറി ഫാം ഇൻസ്ട്രക്ടർ
ചെലവ് – 1,20,000/- രൂപ

മേൽ പ്രോജക്ട് നടപ്പാക്കുന്നതിനായി മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് 22.02.2021 ലെ യോഗത്തിൽ 2(1) നമ്പർ തീരുമാനം പ്രകാരം 20-21 വർഷം ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും ധാതുലവണമിശ്രിതം വിതരണം ചെയ്യുന്നതിന് തീരുമാനിച്ച് 569 പേരുടെ ഗുണഭോക്തൃലിസ്റ്റ് നിർവ്വഹണോദ്യോഗസ്ഥന് കൈമാറിയിട്ടുണ്ട്. ഡയറി എക്സ്റ്റൻഷൻ ഓഫീസർ ഹാജരാക്കിയ വിതരണ രജിസ്റ്ററിൽ ക്ഷീരകർഷകർക്ക് മിശ്രിതം വിതരണം ചെയ്തതിൽ അപാകതയുള്ളതായി കാണുന്നു. ആകെ 1200 പായ്ക്കറ്റ് മിശ്രിതം ആണ് വിതരണത്തിന് ലഭിച്ചത്. കമ്മിറ്റി തീരുമാന പ്രകാരം 569 പേർക്കും 2 പായ്ക്കറ്റ് വീതം നൽകിയാൽ 1138 എണ്ണമെ ചെലവുണ്ടാകു. എന്നാൽ നൽകിയ ഗുണഭോക്താക്കൾക്ക് തന്നെ 1 മുതൽ 5 വരെ പായ്ക്കറ്റ് അളവിൽ നൽകിയതായാണ് വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ മനസിലാകുന്നത്.
ഓഡിറ്റ് എൻക്വയറി നം.4/19.02.2022 ന് നൽകിയ മറുപടിയിൽ ഒരു ഗുണഭോക്താവിന് 10 പായ്ക്കറ്റ് നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ രജിസ്റ്ററിൽ ഒരു ഗുണഭോക്താവിനു പോലും 10 പായ്ക്കറ്റ് നൽകിയതായി കാണുന്നില്ല.

ധാതുലവണ മിശ്രിതം വിതരണം പോലുള്ള പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ഏകീകൃത മാനദണ്ഡം സ്വീകരിക്കേണ്ടതും അർഹതപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും തുല്യമായ രീതിയിൽ ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതും വിതരണ രജിസ്റ്ററിൽ ഗുണഭോക്താവിന്റെ കൈപ്പറ്റ് വിവരം രേഖപ്പെടുത്തേണ്ടതുമാണ്.

**1-25 പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം – ചെലവഴിക്കാത്ത തുക തിരികെ അടയ്ക്കേണ്ടതാണ്.**

(I) പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. 31.03.21 ലെ ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ ടി തുകകളുടെ നീക്കിയിരിപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക | വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | 320200201 | കൃഷി കാപിറ്റൽ | 3954 | കോട്ടയം ജില്ലാ കാർഷിക ഉൽപന്ന സംഭരണ വിതരണ കേന്ദ്രത്തിനു വേണ്ടി ഉഴവൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ |

| | | | | |
|---|---|---|---|---|
| | | | | അനുവദിച്ച തുകയിൽ ബാക്കി വന്ന തുക |
| 2 | 320200311 | ഫ്ലഡ് റിലീഫ് ഗ്രാന്റ് | 83298 | വിവിധ ഫീൽഡ് വർക്കുകൾക്കായി അനുവദിച്ച തുകയിൽ ചെലവഴിക്കാത്ത തുക |
| 3 | 320700205 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക- ജില്ലാ പഞ്ചായത്ത് | 150237 | ലൈഫ് എസ് സി വിഹിതം ലഭിച്ചത് ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ചെലവഴിച്ചിട്ടില്ല |
| 4 | 320700204 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക- ബ്ലോക്ക് പഞ്ചായത്ത് | 429900 | 100000 രൂപ ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിന് 2020-21 വർഷം ലഭിച്ച തുക ചെലവഴിക്കുന്നതിന് പദ്ധതി നടന്നു വരുന്നു. 329900 രൂപ ലൈഫ് എസ് സി വിഹിതം ലഭിച്ചത് ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ചെലവഴിച്ചിട്ടില്ല |

മേൽ പറഞ്ഞ തുകകൾ അനുവദിച്ചിരുന്ന ലക്ഷ്യത്തിന് വിനിയോഗിക്കാൻ സാധിക്കാത്ത പക്ഷം ടി തുകകൾ അതാത് സ്ഥാപനങ്ങൾക്ക് /വകുപ്പിന് നൽകേണ്ടതുമാണ്.

(ii) ഇ എം എസ് ഭവനപദ്ധതി പലിശ അടവാക്കാൻ ലഭിച്ച അധിക തുക തിരികെ അടയ്ക്കേണ്ടതാണ്

ഇ എം എസ് ഭവനപദ്ധതിയുടെ പലിശ അടവാക്കാൻ 2017-18 വർഷം 39740 രൂപ അധികം ലഭിച്ചിരുന്നു. ടി തുക B9 ഷെഡ്യൂളിൽ 350300109 എന്ന ശീർഷകത്തിൽ 'Government And Other Dues Payable - Refund Of Unutilised Grants Of Prior Period എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി തുക തിരികെ അടവാക്കി പഞ്ചായത്തിന്റെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

**1-26 ബിൽ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല**

കൃഷി ഓഫീസർ നിർവഹണം നടത്തിയ നടീൽ വസ്തുക്കളുടെ വിതരണം എന്ന പ്രൊജക്ടിനായി (നം. 81/21) വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 135000 രൂപയും (ബിൽ നം. 5/21) 45000 രൂപ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടവാക്കിയതിൽ നിന്നും ചെക്ക് നം. (ട്രഷറി അക്കൗണ്ട്) 2484349/18.2.2021 പ്രകാരവും വിഎഫ്പിസികെ എറണാകുളത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിരുന്നു. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ ഈ തുകയ്ക്ക് നടീൽ വസ്തുക്കൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.24/25.02.2022) മറുപടി ലഭിച്ചില്ല. ബിൽ ഹാജരാക്കുന്നതു വരെ 180000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

**1-27 സ്ട്രീറ്റ് ലൈൻവലിക്കൽ - പ്രവൃത്തി നടപ്പാക്കിയതിന്റെ വിവരം ലഭ്യമായിട്ടില്ല - 118073/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

(1) പ്രോജക്ട് നമ്പർ- 114/21

ചെലവ് - 73149 (ധനകാര്യക്കമ്മീഷൻ അവാർഡ്)

2020-21 വർഷം 13-ാം വാർഡിൽ നീണ്ടൂർ കെഎസ്ഇ ബി ഇലക്ട്രിക് സെക്ഷന്റെ പരിധിയിൽ വരുന്ന വിവിധ സ്ഥലങ്ങളിൽ ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കലിനായി 73149/-രൂപ ബിൽ നമ്പർ 132/25-9-20 പ്രകാരം നീണ്ടൂർ കെഎസ്ഇബി ഇലക്ട്രിക് സെക്ഷനിൽ അടവാക്കിയിരുന്നു. പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതിന്റെ വിവരങ്ങളും കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. കെ.എസ്.ഇ.ബി-യുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച ലഭിക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിക്കേണ്ടതും വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

(2) പ്രോജക്ട് നം.261/21

ചെലവ് – 44924/-

ബിൽ നം. 11/23.06.2020

ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽപ്പെട്ടതും കോതനല്ലൂർ ഡിവിഷനിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ വലിക്കൽ എന്ന പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം 2019-20-ൽ വകയിരുത്തിയത് 2020-21ലെ സ്പിൽ ഓവർ പ്രോജക്ട് പ്രകാരം കെ.എസ്.ഇ.ബി. കുറുപ്പന്തറ ഡിവിഷനിൽ അടവാക്കിയിരുന്നു. എന്നാൽ പൂർത്തീകരണ വിവരങ്ങളും വിനിയോഗ വിവരങ്ങളും ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ ക്രമ നം. (1), (2) പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്തിരുന്ന 118073/-രൂപയുടെ (73149 + 44924) ചെലവ് തടസ്സപ്പെടുത്തുന്നു. നിർവ്വഹണ ഏജൻസിയിൽ നിന്നും ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-28 കാർഷിക സംഭരണ സംസ്കരണ വിപണനകേന്ദ്രം - നാളിതുവരെ സർക്കാരിൽനിന്നും നിർമ്മാണാനുമതി ലഭിച്ചിട്ടില്ല.**

| | |
|---|---|
| പ്രോജക്ട് | **293/20(199/20-21)** കാർഷിക സംഭരണ സംസ്കരണ വിപണനകേന്ദ്ര നിർമ്മാണം & ഘടനാ ഡിസൈൻ തയ്യാറാക്കൽ |
| അടങ്കൽ | 390000/- തനത് ഫണ്ട് |
| ചെലവ് | 389995/- (189995 – ചെക്ക് നം.2484357/16.03.21<br>100000 – ബിൽ നം.120/16.9.20<br>100000 – ബിൽ നം. 190/13.11.20) |

ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡിൽ സസ്യമാർക്കറ്റിന് മുൻഭാഗത്തുള്ള ഗ്രൗണ്ടിൽ 1.57 കോടി രൂപ വകയിരുത്തി സസ്യമാർക്കറ്റ് ഡവലപ്മെന്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രോജക്ട് ആവിഷ്കരിച്ച് ഡിപിസി അനുമതി ലഭിച്ചിരുന്നു. മാഞ്ഞൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 35, റീ സർവ്വേ നമ്പർ 137/1-ൽ ഉൾപ്പെട്ടതും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലത്താണ് പ്രോജക്ട് പ്രകാരം സംഭരണവിതരണ കേന്ദ്രം നിർമ്മിക്കാനുദ്ദേശിച്ചിട്ടുള്ളത്. കാർഷികസംഭരണവിപണനകേന്ദ്രത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കിയതിന് പ്രോജക്ട് പ്രകാരം 389995/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മണ്ണ് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ട്രക്ച്ചറൽ ഡിസൈൻ മേൽപരിശോധന നടത്തിയതിന് ഫീസിനത്തിൽ മാനേജർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ, ആർ.ഐ.റ്റി. പാമ്പാടിയുടെ 27-8-20-ലെ CCEB1/1/20-21 നം. കത്തിന്റെ

അടിസ്ഥാനത്തിൽ തുക അനുവദിച്ചതിന്റെ (39297/- രൂപ) **രേഖ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.**

വിഭവസ്രോതസ്സിൽ 25 ലക്ഷം രൂപ കൃഷിവകുപ്പിൽ നിന്നും ലഭ്യമാക്കുന്നതും ബാക്കി തുക കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നോ മാഞ്ഞൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്നോ വായ്പയായി കണ്ടെത്തുന്നതിനുമാണ് തീരുമാനിച്ചിരുന്നത്. (24-2-20-ലെ 1(5) പഞ്ചായത്ത് കമ്മിറ്റി തീരുമാനം). വായ്പ എടുക്കുന്നതിന് സർക്കാരിൽനിന്നും അനുമതി ലഭ്യമാക്കണമെന്ന ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയും പ്രോജക്ട് പ്രൊപ്പോസലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. കാർഷികവിപണനകേന്ദ്രം നിർമ്മിക്കപ്പെട്ടാൽ ആയത് ഗ്രാമപഞ്ചായത്തിലേയും സമീപ്രദേശങ്ങളിലേയും കർഷകർക്ക് സഹായകരമാകുമെന്ന പെർഫോമൻസ് സൂപ്പർവൈസർ റിപ്പോർട്ട് നൽകിയുള്ളതായും പഞ്ചായത്തിന്റെ അപേക്ഷ സർക്കാരിലേക്ക് അയയ്ക്കുന്നതിന് നിർമ്മാണ സ്ഥലത്തിന്റെ റവന്യൂ രേഖകൾക്കൊപ്പം കൃഷി വകുപ്പിൽ നിന്നും തുക ലഭ്യമാകുമെന്നതിന്റെ രേഖാപരമായ ഉറപ്പ്, കൂടാതെ ലൈഫ് ഭവനപദ്ധതി, രാജീവ്ഗാന്ധി ഭവനപദ്ധതി എന്നിവയുടെ വായ്പാ തിരിച്ചടവിനൊപ്പം ടി വായ്പയുടെ തിരിച്ചടവ് കൂടി ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്തിന് കഴിയുമോ തുടങ്ങിയ അധികവിവരങ്ങൾ കൂടി ലഭ്യമാക്കണമെന്ന് പഞ്ചായത്തിനോട് നിർദ്ദേശിക്കുകയും ചെയ്തു. ഇതനുസരിച്ച് കൃഷിവകുപ്പിൽ നിന്നും 25 ലക്ഷം രൂപവരെ ലഭ്യമാക്കുന്നതാണെന്ന മാഞ്ഞൂർ പഞ്ചായത്ത് കൃഷി ഓഫീസറുടെ സാക്ഷ്യപത്രം, ഗ്രാമപഞ്ചായത്തിന്റെ കഴിഞ്ഞ മൂന്നുവർഷത്തെ തനതുവരുമാനസ്ഥിതി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ എന്നീ രേഖകൾ ഭരണസമിതിതീരുമാനം സഹിതം സമർപ്പിക്കുകയുണ്ടായി. എന്നാൽ സ്ഥലം സംബന്ധിച്ച റവന്യൂരേഖയായി ഫയലിൽ സൂക്ഷിച്ചിരിക്കുന്നത് മാഞ്ഞൂർ വില്ലേജ് ഓഫീസർ 18-6-20-ൽ ലഭ്യമാക്കിയ ലൊക്കേഷൻ പ്ലാൻ ആണ്. ഗ്രാമപഞ്ചായത്തിന്റെ കൈവശത്തിലുള്ളതും കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്നതും നിലവിൽ സസ്യമാർക്കറ്റ് സ്ഥിതിചെയ്യുന്നതുമായ പ്രസ്തുത സ്ഥലം ബിറ്റിആർ പ്രകാരം നിലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് ലൊക്കേഷൻ പ്ലാനിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള ഇതേ സർവ്വേ നമ്പരിൽപ്പെട്ട സ്ഥലത്തുതന്നെയാണ് ഇരുപതിലേറെ വർഷങ്ങൾക്ക മുൻപ് കൃഷിഭവൻ, കമ്മ്യൂണിറ്റിഹാൾ മുതലായവ പണിതിട്ടുള്ളതെന്നും ആയതിനാൽ ആർഡിഒ-യുടെ അനുമതി ലഭിക്കുന്നതിനായി, വർഷങ്ങൾക്കുമുൻപ് തന്നെ പുരയിടമായി പരിവർത്തനം ചെയ്യപ്പെട്ട ഈ ഭൂമി കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലമാണെന്ന് സാക്ഷ്യപ്പെടുത്തി നൽകണമെന്ന് ആവശ്യപ്പെട്ട് മാഞ്ഞൂർ പഞ്ചായത്ത് കൃഷി ഓഫീസർക്ക് കത്ത് നൽകുകയുണ്ടായി. ഇതിനെ തുടർന്ന് 2008-ലെ കേരള തണ്ണീർത്തടസംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ മാഞ്ഞൂർപഞ്ചായത്ത് പ്രസിദ്ധീകരിച്ച ഡേറ്റാബാങ്കിൽ പ്രസ്തുത സ്ഥലത്തെ നിലമായോ/നെൽവയലായോ വിജ്ഞാപനം ചെയ്തിട്ടില്ലായെന്നും നിലവിലുള്ള ഡേറ്റാബാങ്കിലെ ന്യൂനതകൾ പരിഹരിച്ച് പുതുതായി തയ്യാറാക്കുന്ന ഡേറ്റാബാങ്കിൽ ടി വസ്തുവിനെ നിലമായോ തണ്ണീർത്തടമായോ വിജ്ഞാപനം ചെയ്യുന്നതിന് പ്രാദേശികനിരീക്ഷണസമിതി ശുപാർശ ചെയ്തിട്ടില്ലായെന്നും കൃഷി ഓഫീസർ സാക്ഷ്യപത്രം നൽകുകയുണ്ടായി. തുടർന്ന്, നിർദ്ദിഷ്ടസ്ഥലത്ത് കെട്ടിട നിർമ്മാണത്തിനുള്ള അനുമതിക്കായി പാലാ ആർഡിഒ-യോട് അഭ്യർത്ഥിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും (3-7-20-ലെ 10(1)തീരുമാനം) അതേ തീയതിയിൽത്തന്നെ കൃഷി ഓഫീസർ നൽകിയ സാക്ഷ്യപത്രം സഹിതം ഇ-മെയിൽ മുഖേന പാലാ ആർഡിഒ.യ്ക്കും അഗ്രിക്കൾച്ചറൽ പ്രോഡക്ഷൻ കമ്മീഷണർ തിരുവനന്തപുരത്തിനും അപേക്ഷ നൽകുകയും ചെയ്തു. എന്നാൽ ആർഡിഒ യിൽ നിന്നോ പ്രോഡക്ഷൻ കമ്മീഷണറിൽനിന്നോ കെട്ടിടനിർമ്മാണത്തിനുള്ള അനുമതി ലഭിച്ചതിന്റെ രേഖകളില്ല.

ഏറ്റുമാനൂർ നഗരസഭയുടെ സമീപ പഞ്ചായത്തായതിനാൽ ടൗൺപ്ലാനിംഗ് ചട്ടങ്ങളുടെ പരിധിയിൽ നിർമ്മാണസ്ഥലം വരുന്നുണ്ടോയെന്നും പരിശോധിക്കേണ്ടതുണ്ട്. കാർഷികഗ്രാമമായ

ഗ്രാമപഞ്ചായത്തിന്റെ സ്വപ്നപദ്ധതി നടപ്പിൽ വരുത്തുന്നതിന് നിർമ്മാണഭൂമിയുടെ തരം , വിഭവസ്രോതസ്സ് കണ്ടെത്തൽ, അതിർത്തി നിർണ്ണയം, നിർമ്മാണാനുമതി മുതലായ വിവിധ വിഷയങ്ങളിൽ തീരുമാനങ്ങളും നടപടികളുമുണ്ടാകേണ്ടതുണ്ട്. കെ.പി.ബി.ആർ വ്യവസ്ഥകൾക്കനുസൃതമായും മറ്റ് നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചും കാർഷികസംഭരണകേന്ദ്രം എന്ന പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിലേക്കായി ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ 1.5 കോടി വായ്പ എടുക്കുന്നതിന് മുന്നോടിയായി ഗ്രാമപഞ്ചായത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുക്കേണ്ടതും കേന്ദ്രസംസ്ഥാന സർക്കാരുകളിൽനിന്നും ലഭ്യമാകുന്ന ഫണ്ടുകൾ, എം.എൽ.എ/ എംപി ഫണ്ടുകൾ എന്നിങ്ങനെ ഇതര വിഭവസ്രോതസുകളുടെ സാധ്യത പരിഗണിക്കാവുന്നതുമാണ്. ഗ്രാമപഞ്ചായത്തിന് ഭാവിയിൽ വൻ സാമ്പത്തികബാധ്യത ഉണ്ടാകാത്ത തരത്തിൽ തിരിച്ചടവ് എപ്രകാരം ക്രമപ്പെടുത്തണമെന്നത് സംബന്ധിച്ച് മുൻകൂട്ടി ചർച്ചചെയ്ത് തീരുമാനമെടുക്കേണ്ടതും ആയത് പ്രയോഗതലത്തിൽ കൊണ്ടുവരണമെന്നും അഭിപ്രായപ്പെടുന്നു.

**<u>1-29 വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല.</u>**

GO(P) 819/2000/Fin/18.04.2000 നമ്പർ സർക്കാർ ഉത്തരവ്, 21.02.14- ലെ 16/14/Fin നമ്പർ സർക്കുലർ എന്നിവ പ്രകാരം, സർക്കാർ/ അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ വാഹനങ്ങളുടെ ജനറൽ ഇൻഷ്വറൻസ് പോളിസികൾ സർക്കാരിന്റെ തന്നെ വകുപ്പായ കേരളാ സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് മുഖേന എടുക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് വാഹനത്തിന്റെയും, പാലിയേറ്റിവ് പദ്ധതിക്കുവേണ്ടി വാങ്ങിയ ആബുലൻസിന്റെ ഇൻഷ്വറൻസ് യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും എടുത്തതായി കാണുന്നു. ആയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (8) ന് മറുപടി ലഭിച്ചില്ല. തുടർവർഷങ്ങളിൽ ഇൻഷ്വറൻസ് പുതുക്കുന്നതിന് സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാഹനം | തുക | വൗച്ചർനമ്പർ,തീയതി | സ്ഥാപനം |
|---|---|---|---|---|
| 1 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജിപ്പ് (KL-67-4508) | 12373/- | 22000427/07.07.20 | യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ്, കമ്പനി |
| 2 | പാലിയേറ്റിവ്പദ്ധതിക്ക് വാങ്ങിയ ആബുലൻസ് (പി എച്ച് സി) (KL-67-4948) | 9303/- | 22000604/19.08.20 | |

**<u>1-30 കുടിവെള്ളവിതരണം സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല</u>**

വൗച്ചർ നമ്പർ – 22000054/4.5.20,-147,645/-

„ – 22000437/7.7.20-164,754/-

ഗ്രാമപഞ്ചായത്തിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ സർക്കാർ നിർദ്ദേശ പ്രകാരം വരൾച്ചാ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലും വാട്ടർകിയോസ്കുകളിലും കുടിവെള്ളം വിതരണം നടത്തുന്നതിന് ക്വൊട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ സജിമോൻ വർഗീസിന് കരാർ നൽകി. 19.03.20 മുതൽ 20.04.20വരെയും 21.04.20 മുതൽ 19.05.20വരെയും 1,635,000 ലിറ്റർ (765000+870000= 1,635,000ലിറ്റർ) കുടി വെള്ളം വിതരണം നടത്തിയിട്ടുണ്ട്. പ്രതിദിന സ്റ്റേറ്റ്മെന്റ്, ട്രിപ്പ് ഷീറ്റ്, ഡെലിവറിചാർട്ട്, കുടിവെള്ളം വിതരണം ചെയ്തതിന്റെ വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ 5000lr ന്

965/- രൂപ (0.193/Lr) നിരക്കിൽ (147,645+167910=315,555/-) 312,399/- രൂപ നൽകിയിട്ടുണ്ട് (ആദായനികുതി 3156/-രൂപ കിഴിച്ച്). കുടിവെള്ളവിതരണം സംബന്ധിച്ച് 29.02.2020 ൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും നൽകിയ നിർദ്ദേശപ്രകാരം വാട്ടർ അതോറിറ്റിയുടെ പ്ലാന്റിൽ നിന്നും വെള്ളം ശേഖരിക്കണമെന്നും അല്ലാത്തപക്ഷം ശേഖരിച്ച വെള്ളത്തിന്റെ ഗുണനിലവാരം വാട്ടർഅതോറിറ്റി/ഭക്ഷ്യസുരക്ഷാവകുപ്പ്/ആരോഗ്യവകുപ്പ്/ സി.ഡബ്ല്യു.ആർ.ഡി.എം.എന്നീ സ്ഥാപനങ്ങളിൽ ഏതെങ്കിലും ഒന്നിൽ പരിശോധിച്ച് ഉറപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ വെള്ളം ശേഖരിച്ച് ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങളിൽ വിതരണം ചെയ്യണമെന്നും ട്രാക്കിങ്ങിനുള്ള ലോഗിനും പാസ്സ് വേർഡും വാങ്ങി പരിശോധിക്കണമെന്നും ഇവ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറണമെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് അദ്ധ്യക്ഷനും സെക്രട്ടറി കൺവീനറും അസിസ്റ്റന്റ് സെക്രട്ടറി/ഹെഡ് ക്ളാർക്ക്, വില്ലേജ് ഓഫീസർ എന്നിവർ അംഗങ്ങളായ മോണിറ്ററിങ്ങ് കമ്മറ്റിയും, വാർഡ് തലത്തിൽ വാർഡ് മെമ്പർ അദ്ധ്യക്ഷനും വാർഡ് ക്ലാർക്ക്, വാർഡിലെ സി.ഡി.എസ് അംഗം, വില്ലേജ് ഓഫീസ് പ്രതിനിധി എന്നിവർ അംഗങ്ങളായ മോണിറ്ററിങ്ങ് കമ്മറ്റിയും രൂപീകരിച്ച് ദൈനം ദിന മോണിറ്ററിങ്ങ് നടത്തി, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവയെ അടിസ്ഥാനമാക്കി പേയ്മന്റ് നടത്തണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഹാജരാക്കിയ ഫയൽ പരിശോധനയിൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ചല്ല കുടിവെള്ള വിതരണം നടത്തിയതെന്ന് വ്യക്തമാകുന്നു. മേൽഅപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (2) മറുപടി ലഭിച്ചില്ല. തുടർ വർഷങ്ങളിൽ ഈ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-31 തെറ്റായി പിൻവലിച്ച് സർക്കാരിലേക്ക് അടവാക്കിയ വികസനഫണ്ട് (എസ് സി പി ഫണ്ട്)- തിരികെ ലഭിച്ചില്ല.**

പഞ്ചായത്തിൽ 2020-21 വർഷം വി ഇ ഒ നിർവ്വഹണം നടത്തുന്ന വീട് പുനരുദ്ധാരണം (പട്ടികജാതി) (പ്രോജക്റ്റ് നം. 73/21) പദ്ധതിക്ക് 18 ഗുണഭോക്താക്കൾക്ക് 1,800,000/-രൂപ അടങ്കൽ വെച്ചിരുന്നു. പ്രോജക്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി മൂന്ന് ഗുണഭോക്താക്കൾക്ക് ആദ്യഗഡുവായ 30000/-രൂപ വിതം 90000/-രൂപ അനുവദിക്കുന്നതിനായി ബിൽ തയ്യാറാക്കിയ സമയത്ത് 30000/- രൂപയ്ക്ക് പകരം 300,000/- രൂപ വീതം മൂന്ന് പേർക്ക് 900,000/- രൂപയുടെ ബിൽ (ബിൽനം-20090552016900526364) തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കുകയും ബിൽ പാസായി ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക ക്രഡിറ്റാവുകയും ചെയ്തിരുന്നു. എന്നാൽ അതിനുശേഷം തെറ്റ് സംഭവിച്ച വിവരം പരിശോധനയിലൂടെ മനസിലാകുകയും മൂന്ന് ഗുണഭോക്താക്കൾക്കളിൽനിന്ന് ആദ്യഗഡുവായ 30000/-രൂപ കുറച്ച് 270000/- രൂപ വീതം 810,000/-രൂപ (270000X3 =810,000/-) തിരികെ പഞ്ചായത്ത് ഫണ്ടിൽ അടപ്പിക്കുകയും ചെയ്തിരുന്നു. ടി തിക 06.10.20ൽ ചെക്ക് മുഖേന (ചെക്ക് നം-2484318/06.10.20) ട്രഷറിയിൽ 3604-00-200-86-10-35-ROP എന്ന ഹെഡിൽ തിരികെ കൺസോളിഡേറ്റ് ഫണ്ടിലേക്ക് അടവാക്കുകയും ചെയ്തു. ലിസ്റ്റിൽ ഉൾപ്പെട്ടവർ പണിപൂർത്തികരിച്ച് തുക ലഭിക്കുന്നതിനായി പഞ്ചായത്തിനെ സമീപിച്ച സാഹചര്യത്തിൽ ടി തുക തിരികെ ലഭിക്കുന്നതിന് 9.10.20ലെ 7(2) നമ്പർ കമ്മറ്റി തീരുമാന പ്രകാരം ധനകാര്യവകുപ്പിന് ഉചിതമാർഗ്ഗേന കത്തുനൽകുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനമെടുത്തിരുന്നു. മേൽ തീരുമാനപ്രകാരം നടപടികൾ സ്വീകരിച്ച് തുക തിരികെ ഈ സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുണ്ടങ്കിൽ വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (1) തുക തിരികെ ലഭിച്ചിട്ടില്ല എന്ന മറുപടി ലഭ്യമാക്കി. തുക തിരികെ ലഭിക്കുന്നതിന് ഭരണസമിതി യഥാസമയം നടപടികൾ സ്വീകരിക്കാത്തതിനാൽ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന എല്ലാ ഗുണഭോക്താക്കൾക്കും തൻവർഷം ആനുകൂല്യം ലഭിച്ചില്ല. ഇതുമൂലം പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചില്ല. ഇപ്രകാരം പ്രത്യേക

വിഭാഗങ്ങളുടെ പദ്ധതികൾക്ക് അനുവദിക്കുന്ന തുക യഥാസമയം അർഹമായ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 കോവിഡ് പ്രതിരോധ പ്രവർത്തനം -അവലോകനം

കോവിഡ് രോഗവ്യാപനം നിയന്ത്രിക്കുന്നതിനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 7.05.20മുതൽ പഞ്ചായത്തിലെ ഉവാനിസ ധ്യാനകേന്ദ്രം, കോതനെല്ലൂരിൽ ക്വാറന്റെയിൻ സെന്റർ പ്രവർത്തനം ആരംഭിച്ചു. തുടർന്ന് 24.10.20 മുതൽ ഈ സ്ഥാപനത്തിൽ സി എഫ് എൽ ടി സി പ്രവർത്തനം ആരംഭിച്ചു. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 29.04.21 ലെ 1(1) നമ്പർ കമ്മറ്റി തീരുമാന പ്രകാരം മേമുറി ഗവൺമെന്റ് എൽ പി സ്കൂളിൽ 18.05.21 മുതൽ ഡി സി സി പ്രവർത്തനം ആരംഭിച്ചു. കോവിഡ് പ്രാഥമിക ചികിത്സാകേന്ദ്രത്തിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് പ്രോജക്റ്റ് പ്രകാരം (360/21) പ്ലാൻ ഫണ്ടിനത്തിൽ ആകെ 2,990,039/- രൂപ ചെലവഴിച്ചു. സി എഫ് എൽ റ്റി സി, ഡി സി സി യുടെ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും നാളിതുവരെ 5,172,870/- രൂപയും ചെലവഴിച്ചിട്ടുണ്ട്. കോവിഡ് ചെലവുകൾക്കായി കേരള ഗ്രാമീണ ബാങ്കിന്റെ കുറുപ്പന്തറ ശാഖയിൽ കറന്റ് അക്കൗണ്ട് (A/C No-17800200000721) ആരംഭിച്ചു. കോവിഡ് പ്രതിരോധന പ്രവർത്തനത്തിന്റെ ചെലവുകൾ ഈ അക്കൗണ്ടിലൂടെയാണ് നടത്തിയിരുന്നത്. പഞ്ചായത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ജില്ലാ ദുരിതാശ്വാസനിധിയിൽ നിന്നും മൂന്ന് തവണകളായി 1718200/-രൂപ അനുവദിച്ചു. ടി തുക പൂർണ്ണമായും ചെലവഴിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്ന് അർഹമായ തുകകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവു തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| തനത് ഫണ്ട് | പ്ലാൻഫണ്ട് | ദുരിതാശ്വാസ നിധിയിൽനിന്നു ലഭിച്ചതുക | തിരികെ ലഭിക്കാനുള്ള തുക |
|---|---|---|---|
| 5172870 | 2990039 | 1718200 | 6,444,709 |

## 1-33 ലാപ്പ്ടോപ്പ് നാളിതുവരെ വിതരണം ചെയ്തിട്ടില്ല.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി. |
| പ്രോജക്റ്റ് | 104/21(പട്ടികജാതിവിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി. |
| അടങ്കൽ | 499,400/-(എസ്.സി.പിഫണ്ട്) |
| ചെലവ് | 490,122/- |
| ബിൽനമ്പർ- | 4/12.03.2 |

മേൽ പ്രോജക്റ്റ് പ്രകാരം പട്ടകജാതി വിഭാഗത്തിൽപെട്ട 18 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി വിതരണം ചെയ്യുന്നതിന് 490,122/- രൂപ കേരള സ്റ്റേറ്റ് ഐടി മിഷന്റെ റ്റി എസ് ബി അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ-79901140000959) 12.03.21 ന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ലാപ്പ്ടോപ്പ് ലഭിച്ചതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകൾ ലഭ്യമായില്ല. ലാപ്പ്ടോപ്പിന് അപേക്ഷിച്ചിരുന്ന മൂന്ന് വിദ്യാർത്ഥികൾ ഇതിനോടകം കോഴ്സ് പൂർത്തികരിച്ചു കഴിഞ്ഞു. 20.01.20ലെ ഡി എ1/363/ 2019/തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം ഐ ടി മിഷൻ ഡയറക്ടർ ശുപാർചെയ്യുന്ന സ്പെസിഫിക്കേഷൻ ഉള്ള ലാപ്പ്ടോപ്പുകൾ ആയിരിക്കണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാർത്ഥികൾക്ക് സി പി ആർ സി എസ് പോർട്ടലിൽ നിന്നു വാങ്ങി നൽകേണ്ടത്. പഞ്ചായത്ത് ഡയറക്ടറുടെ 16.09.20ലെ ജെ1-20905/18നമ്പർ കത്തിലെ (എസ് ആർ ജി 749/20) തീരുമാനം (1) പ്രകാരം പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും സി പി ആർ സി എസ് മുഖേന

ലാപ്പ്ടോപ്പ് ലഭ്യമാകാൻ കാലതാമസം നേരിടുന്നു എന്ന് കമ്മറ്റി വിലയിരുത്തി. ഈ സാഹചര്യത്തിൽ തദ്ദേശസ്വയഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ/ഇ-ടെണ്ടർ മുഖേനയോ ലാപ്പ്ടോപ്പ് വാങ്ങാൻ അനുമതി നൽകുന്നു. തീരുമാനം (2) പ്രകാരം ഐ ടി മിഷനിൽ ഇതിനകം തദ്ദേശ സ്ഥാപനങ്ങൾ അടച്ചതുക, തദ്ദേശ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് തിരികെ നൽകേണ്ടതാണ്. ഇങ്ങനെ തിരികെ വാങ്ങുന്ന തുക ലാപ്പ്ടോപ്പ് വാങ്ങുന്നതിനു തന്നെ ഉപയോഗിക്കേണ്ടതാണ്. മേൽ പരാമർശിച്ച തീരുമാനങ്ങൾ പ്രകാരം ലാപ്പ്ടോപ്പ്/തുക തിരികെ ലഭിക്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (9) തുക തിരികെ ലഭ്യമായിട്ടില്ലെന്നും, ലഭ്യമാകുന്നമുറയ്ക്ക് കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനത്തിന് വിധേയമായി പുതിയ പദ്ധതി രൂപീകരിച്ച് യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഭരണ സമിതി തലത്തിൽ ഉചിതമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി പ്രോജക്റ്റ് തുക തിരികെ ലഭ്യമാക്കിയോ/ പുതിയ പ്രോജക്റ്റ് നടപ്പിലാക്കി ഗുണഭോക്താക്കൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കുന്നതുവരെ 490,122/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി തുക പൂർണ്ണമായി ചെലവഴിക്കുന്നതോടൊപ്പം തന്നെ അനുയോജ്യരായ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-34 കുറുപ്പന്തറ എഫ് എച്ച് സി.യിൽ സോളാർ സിസ്റ്റം സ്ഥാപിക്കൽ - നാളിതുവരെ പ്രവർത്തന സജ്ജമായില്ല.**

| | |
|---|---|
| പ്രോജക്റ്റ് | S0263/20 (കുറുപ്പന്തറ എഫ് എച്ച് സിയിൽ സോളാർ സിസ്റ്റം സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) |
| അടങ്കൽ | 1144000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്). |
| ചെലവ് | 1144000/- (700000 + 444000) |
| ബിൽനം | 3/21,13.08.20,<br>13/21,30.03.21 |

മേൽ പ്രോജക്റ്റ് പ്രകാരം എഫ് എച്ച് സിയുടെ സുഗമമായ പ്രവർത്തനത്തിനും വൈദ്യുതി ചെലവ് ലാഭിക്കുന്നതിനും സ്റ്റീൽ ഇൻഡസ്ട്രിയസ് കേരള ലിമിറ്റഡ്, തൃശ്ശൂർ മുഖേന സോളാർ സിസ്റ്റം (10KW) സ്ഥാപിക്കുന്നതിന് 11,44,000/-രൂപ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (A/CNo-117511011000063) നൽകിയിട്ടുണ്ട്. സോളാർ സിസ്റ്റവും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവർത്തന സജ്ജമായിട്ടില്ല. 6.12.21ന് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ നടത്തിയ പരിശോധനയിൽ ഇൻസ്റ്റലേഷനിൽ സാങ്കേതിക അപാകതകൾ ശ്രദ്ധയിൽപെട്ടു. ഈ അപാകതകൾ പരിഹരിച്ച് കെ എസ് ഇ ബിയിൽ നിന്നും കണക്ഷൻ ലഭ്യമാക്കി സോളർ സിസ്റ്റം പ്രവർത്തന സജ്ജമാക്കുന്നതിന്

നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (18) മറുപടി ലഭിച്ചില്ല. സാങ്കേതിക തകരാറുകൾ പരിഹരിച്ച് സോളാർ സിസ്റ്റം പ്രവർത്തന സജ്ജമാക്കി വിവരം അറിയിക്കുന്നതുവരെ ചെലവഴിച്ച 1144000/-രൂപ തടസ്സപ്പെടുത്തുന്നു.

**1-35 പാലിയേറ്റീവ് നേഴ്സിന് സർക്കാർ ഉത്തരവിന് വിരുദ്ധമായി കോവിഡ് ഇൻസെന്റീവ് നൽകി**

സ.ഉ(സാധാ)നം.1615/2020/ത.സ്വ.ഭ.വ തീ.07.09.2020 പ്രകാരം കോവിഡ് 19 കാലഘട്ടത്തിൽ പ്രവർത്തിച്ച് വരുന്ന ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ നേഴ്സ്മാർക്ക് 2020 മാർച്ച് മാസം മുതൽ ആറുമാസത്തേയ്ക്ക് പ്രതിമാസം 1000 രൂപ വീതം ഇൻസെന്റീവ് അനുവദിക്കാമെന്ന് നിഷ്കർഷിച്ചിരുന്നു. പ്രസ്തുത ഉത്തരവിന് തുടർച്ചയായി 05.10.2020ലെ സ.ഉ(സാധാ)നം.1820/2020/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പ്രസ്തുത ഇൻസെന്റീവ് 2020 സെപ്റ്റംബർ മാസം മുതൽ ആറു മാസത്തേയ്ക്ക് കൂടി പ്രതിമാസം 1000 രൂപ നിരക്കിൽ അനുവദിച്ചുകൊണ്ടും ഇതിനാവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ **തനത് ഫണ്ടിൽ** നിന്ന് ചെലവഴിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ നേഴ്സായ ശ്രീമതി സുമ പ്രദീപിന് 2020 മാർച്ച് മുതൽ 2021 ഫെബ്രുവരി വരെ 11 മാസത്തേയ്ക്കും വികസനഫണ്ടിൽ നിന്നും 1000 രൂപ വീതം ഇൻസെന്റീവ് നൽകിയിട്ടുള്ളതായി കാണുന്നു. ഇപ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി 2020 ഒക്ടോബർ മുതലുള്ള 5 മാസക്കാലയളവിലേയ്ക്ക് തനത് ഫണ്ടിൽ നിന്ന് നൽകാതെ **വികസനഫണ്ടിൽ** നിന്ന് തന്നെ ഇൻസെന്റീവ് നൽകിയതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (18) മറുപടി ലഭിച്ചില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി വികസനഫണ്ടിൽ നിന്നും നൽകിയ 5000/- രൂപ തനത് ഫണ്ടിൽ നിന്നും റീകൂപ്പ് ചെയ്യേണ്ടതും വികസനഫണ്ടിലേക്ക് അടവാക്കേണ്ടതുമാണ്. 2020 മാർച്ച് മാസം മുതൽ 2021 ഫെബ്രുവരി വരെ വികസന ഫണ്ട് (ജനറൽ)ൽ നിന്നും താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

| ബിൽനം | മാസം | ഇൻസെന്റീവ് തുക |
|---|---|---|
| 8/25.11.20 | 10/20 | 1000 |
| 9/24.12.20 | 11/20 | 1000 |
| 10/27.01.20 | 12/20 | 1000 |
| 11/28.3.21 | 01/20-2/20 | 2000 |
| | | 5000/- |

**1-36 മരുന്ന് ലഭ്യമായില്ല.**

| | |
|---|---|
| പ്രോജക്ട് നം. | 75/21 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച് സി ) |
| അടങ്കൽ | 600000/-- |
| ചെലവ് | 497998 |
| ഫണ്ട് | പ്ലാൻഫണ്ട് |
| ബിൽ നം. | 20090552021700700610/11.11.20 |

എഫ്.എച്ച്.സി.യിലേക്ക് (പ്രോജക്റ്റ് നം-75/21) മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ കാരുണ്യ ഫാർമസിയുടെ പഞ്ചാബ് നാഷണൽ ബാങ്ക് (A/C No-3624001800000019) അക്കൗണ്ടിലേക്ക് 159,177/- നൽകിയിരുന്നു. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ 71,104/- രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 88073/-രൂപയുടെ മരുന്ന് ലഭിച്ചതായി കാണുന്നില്ല. മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (20) മറുപടി ലഭിച്ചില്ല. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് വിവരം ഓഡിറ്റിൽ അറിയിക്കുന്നതുവരെ 88073/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വയോജന വിശ്രമകേന്ദ്രം വൈദ്യുതീകരണം - ചെയ്യാത്ത പ്രവൃത്തി എം ബുക്കിൽ രേഖപ്പെടുത്തി തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം. | 27/21 |
| അടങ്കൽ | 200000/-(സിഎഫ് സി അവാർഡ്) |
| ചെലവ് | 107869 |
| ബിൽ നമ്പർ | 30/12-11-20 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്ത് 14-ാം വാർഡിൽ മാൻവെട്ടത്തുള്ള വൃദ്ധജനവിശ്രമകേന്ദ്രത്തിൽ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ നടത്താനായി ആവിഷ്കരിച്ച മേൽപ്രോജക്ടിന്റെ ഭാഗമായി എൽഎസ്ജിഡി ഇലക്ട്രിക്കൽ വിഭാഗം ജില്ലാതല സാങ്കേതികസമിതി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെൻഡർ നടപടികൾ സ്വീകരിക്കുകയും കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത (എസ്റ്റിമേറ്റ് നിരക്ക്) ശ്രീ. സജീവ് എസ് ശിവസദനം എന്നയാളുടെ ടെൻഡർ അംഗീകരിച്ച് 2 5-9-20-ൽ ടിയാനുമായി കരാർ വയ്ക്കുകയും ചെയ്തു. പ്രവൃത്തിസ്ഥലം നേരിട്ടുസന്ദർശിച്ചതിൽ എസ്റ്റിമേറ്റിലെ ചുവടെ ചേർക്കുന്ന പ്രവൃത്തി ഇനങ്ങൾ യഥാർത്ഥത്തിൽ ചെയ്ത അളവ്/എണ്ണത്തെക്കാൾ അധികമായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതായും ആയതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചതായും കാണുന്നു.

| പ്രവൃത്തിഇനത്തിന്റെ ക്രമനമ്പർ | എസ്റ്റിമേറ്റ്പ്രകാരം അളവ്/ എണ്ണം | ചെയ്ത അളവ്/ നിരക്ക് | എംബുക്കിൽ രേഖപ്പെടുത്തിയ അളവ് | അധികം കൈപ്പറ്റിയതുക |
|---|---|---|---|---|
| എക്സ്ട്രാ ഇനം | Supply & Installation Of Exhaust Fan | 2എണ്ണം @ 2300 = 4600 | 5എണ്ണം@2300 = 11500 | 6900/- |
| ഇനം 10 | Supply & Installation Of | 3 @ 2320 | 4 @ 2320 =9280 | 2320 |

| | | | | |
|---|---|---|---|---|
| | 1200mm Sweap Ceiling Fan(Crompton Made) | =6960 | | |
| ഇനം -4 | Supply And Wiring Work For Ceiling Fan Point With Socketsize Stepped Electronic Regulator | 3 @ 1498 = 4494 | 4 @ 1498 = 5992 | 1498 |
| ഇനം-11 | Charges For Cuttingholes Suitable For Fixing Exhaust Fans | 2 @ 397 =794 | 5@ 397 =1985 | 1191 |
| ഇനം -9 | Supply & Installation Of Ms Rodtype Fan Clamp....As Required | 3 @ 124 =372 | 4@ 124 =496 | 124 |
| ആകെ | | 17220 | 29253 | 12033 |

ചെയ്യിട്ടില്ലാത്ത പ്രവൃത്തിക്ക് അനുവദിച്ച നൽകിയ 12033/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. മാർഗ്ഗരേഖ പ്രകാരം വൃദ്ധജനങ്ങൾക്കുവേണ്ടി അനിവാര്യമായി വകയിരുത്തേണ്ട നിശ്ചിതശതമാനം തുക വകയിരുത്തി വാർഷികപദ്ധതിയിൽ നിർമ്മിക്കപ്പെട്ട കെട്ടിടം വൃദ്ധജനങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താതെ കെട്ടിടത്തിനകം പൊടിയും മാറാലയും പിടിച്ചും പരിസരം വൃത്തിഹീനമായും കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.22/25.2.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. കരാറുകാരൻ അധികമായി കൈപ്പറ്റിയിട്ടുള്ള തുക ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | 22.02.22- 23.02.22 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സ്ഥാപനം | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 10,00,000 | നെൽകർഷകർക്ക് കൂലിച്ചെലവ് സബ്സിഡി (113/21) | 10,00,000 | 0 |
| | 100000 | സുഭിക്ഷ കേരളം കൃഷിവിള വ്യാപനം (294/21) | 100000 | 0 |
| | 68000 | നെൽകർഷകർക്ക് കൂലിച്ചെലവ് സബ്സിഡി പട്ടികജാതി (300/21) | 68000 | 0 |
| | 207015 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (68/21) | 207015 | 0 |
| | 200000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി (85/21) | 200000 | 0 |
| | 150000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി വനിത (86/21) | 150000 | 0 |
| | 474160 | കാഞ്ഞിരമുകളേൽ എസ് സി കോളനിയിൽ മിനിഹൈമാസ്റ്റ് ലൈറ്റ് (257/21) | 474160 | 0 |
| | 860000 | ലൈഫ് ഭവനപദ്ധതി ജനറൽ (176/21) | 860000 | 0 |
| | 300000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി-വനിത (211/21) | 300000 | 0 |
| | 81079 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി ജനറൽ (212/21) | 81079 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 100000 | നെൽകർഷകർക്ക് കൂലിച്ചെലവ് സബ്സിഡി പട്ടികജാതി (300/21) | 100000 | 0 |
| | 239200 | ബയോഫ്ലോക് മത്സ്യകൃഷിക്ക് സബ്സിഡി(291/21) | 239200 | 0 |
| | 462700 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (68/21) | 462700 | 0 |
| | 1305000 | ലൈഫ് ഭവനപദ്ധതി ജനറൽ (176/21) | 1305000 | 0 |

**4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | 73149 | 0 | 73149 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ | 44924 | 0 | 44924 |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ**

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

**4-5 വായ്പ/വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ | തൻ വർഷം | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | ബാക്കിയുണ്ടായിരുന്ന തുക | എടുത്ത വായ്പ | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| രാജീവ്ഗാന്ധി ഭവനപദ്ധതി | നം 50580/ഡിബി1/14 ത.സ്വ.ഭ.വ 1.8.14 | 7040000 | ---- | 1340000 | - | 5700000 |
| ലൈഫ് ഭവന പദ്ധതി- കെ യു അർ ഡി എഫ് സി ലോൺ | ജി ഒ(എം.എസ്)68/2018/ൽ എസ് ജി ഡി തീയതി 18.05.2018 | 2031176 | 485000 | 586842 | - | 1929334 |

ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റിൽ രാജീവ് ഗാന്ധി ഭവനവായ്പയുടെ പലിശയിനത്തിൽ അടവുകളൊന്നും 2020-21 വർഷത്തിൽ രേഖപ്പെടുത്തിലില്ല. എന്നാൽ ഈയിനത്തിലെ പലിശ 872199 രൂപ 31.3.2021 ൽ തനതുഫണ്ടിൽ നിന്നും അടവാക്കിയിട്ടുള്ളതാണ്. ആയത് അടുത്ത സാമ്പത്തിക വർഷത്തിലാണ് വരവു വെച്ചിട്ടുള്ളത്.

**4-6 സ്ഥിരനിക്ഷേപങ്ങൾ**

സ്ഥിരനിക്ഷേപങ്ങളില്ല.

**4-7 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരം വരവില്ല.

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം**

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനക്ഷമതാ ഓഡിറ്റ് | -- | 2013-14 | 5-3 | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരംഭവും | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

**4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം**

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 110645687 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 111967836 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 12033 |
| | |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2720268 |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 12033 | ശ്രീ.വിനോദ് ബാബു പി.വി, സെക്രട്ടറി |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 700000 | ശ്രീ.വിനോദ് ബാബു പി.വി, സെക്രട്ടറി |
| 1-26 | 180000 | ശ്രീ.സലിൻ പി.ആർ, കൃഷി ഓഫീസർ |
| 1-27 | 118073 | ശ്രീ.വിനോദ് ബാബു പി.വി, സെക്രട്ടറി |
| 1-33 | 490122 | ശ്രീമതി ഷൈനി എം.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-34(1) | 700000 | ഡോ.സുശാന്ത് എസ്, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 1-34(2) | 444000 | ഡോ. സരോജ് എസ്., മെഡിക്കൽ ഓഫീസർ, എഫ്.എച്ചി.സി. |
| 1-36 | 88073 | ഡോ.സുശാന്ത് എസ്., മെഡിക്കൽ ഓഫീസർ, എഫ്.എച്ചി.സി. |
| ആകെ | 2720268 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.വിനോദ് ബാബു പി.വി, സെക്രട്ടറി | വിരമിച്ച | പോളച്ചിറയിൽ, തലയോലപ്പറമ്പ് പി.ഒ. |
| | | |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 (ചെലവ്) | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(1)/18 08.01.18 |
| 1998-99 | എൽ.എഫ്.കെ.പി5/1262/07, 06.06.2008/21.4.2008 |
| 2000-01, 2001-02 പ്ലാൻ | കെ.എസ്.എ.കെടിഎം/പി4 (അദാ)/2018-40(2)/18, 08.01.18 |
| 2003-04 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(5)/18 08.01.18 |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി5/907/ 04 9.3.04/8.8.05 |
| 2006-07 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(7)/18, 8.01.18 |
| 2008-09 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(9)/18, 08.01.18 |
| 2009-10, 2010-11 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(10)/18 09.01.18 |
| 2011-12 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(11)/18 08.01.18 |
| 2012-13 | എൽ.എഫ്.കെ.പി4/14/15, 22.02.17 |
| 2013-14,2014-15 | കെ.എസ്.എ കെടിഎംപി4 602/16, 5.9.16 |
| 2015-16 | കെ.എസ്.എ കെടിഎം പി4 1042/17, 15.11.17 |
| 2016-17 | കെ.എസ്.എ കെടിഎം പി4-165/18 09.03.18 |
| 2017-18 | കെ.എസ്.എ കെടിഎം പി4-77/19, 20.02.19/25.3.2019 |
| 2018-19 | നം.കെ.എസ്.എ.-കെ.ടി.എം.പി4- 1243/19/ 27.08.2019 |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്